വിശ്വവാണി

# സമർപ്പണം

Vol. 37 - Issue 7 - July 2024 - Rs. 10/-



## സുവിശേഷം

**അത് സ്വീകരിക്കുന്നവർ ദൈവമക്കൾ**

**അത് ഘോഷിക്കുന്നവർ ദൈവത്തിന്റെ സൈന്യം**

July 2024

Vishwa Vani Samarpan

A Loving Epistle To The Praying Hearts

**PUBLICATION OFFICE:**
1-10-28/247, Anandapuram, Kushaiguda,
ECIL Post, Hyderabad. Ph: 040-27125557.
Email: samarpan@vishwavani.org

**ADMIN. OFFICE:**
20, Raghul Street, T.M.P. Nagar, Pudur,
Ambattur, Chennai-600053.
Ph: 044-26869200.
Email: vishwavaninet@vishwavani.org

## താളുകൾ മറിക്കുമ്പോൾ

*02* അയവിറക്കാൻ

*03* എക്സിക്യുട്ടീവ് ഡയറക്ടറിന്റെ....

*07* പ്രത്യേക പംക്തി

*11* കേരളത്തിൽ നിന്നും...

*16* ദൈവത്തിന്റെ സൈന്യം

*20* ചെയർമാന്റെ കത്ത്...

*22* പ്രയർ നെറ്റ് വർക്ക് ഡയറക്ടർ....

*24* വയൽ വാർത്തകൾ

*34* വാർത്തകൾ



To see the glorious gospel
of our Lord and Saviour Jesus Christ
blessing villages in India

This mission journal from Vishwa Vani is being published in Tamil, Malayalam, Odia, Telugu, Kannada, Marathi, Gujarati, Hindi, Bengali, English, Kokborok, Soura and Nepali languages. Yearly Subscription: Rs. 100/-

Emil Annan's

# അയവിറക്കാൻ

- സുവിശേഷം –
  സ്വീകരിച്ചാൽ– ദൈവത്തിന്റെ മക്കൾ
  ഘോഷിച്ചാൽ – ദൈവത്തിന്റെ
  സൈന്യം!
- ദൈവത്തിന്റെ മക്കൾ എന്നാൽ
  സ്നേഹം, ദൈവത്തിന്റെ സൈന്യം
  എന്നാൽ ഐക്യം!
  കാൽവറി സ്നേഹത്തിനുള്ളതാണ്
  മാളികമുറി ഐക്യത്തിനുള്ളതാണ്!
- സുവിശേഷം –
  സ്വീകരിച്ചവർ പ്രഖ്യാപിച്ചില്ല എങ്കിൽ
  അത് വൃത്തിയാക്കി അലങ്കരിച്ച വീടു
  പോലെയാണ്, അതിന്റെ പിന്നീടുള്ള
  ദിവസങ്ങൾ മോശമായിരിക്കും!
- ആളുകൾ ജനിക്കുന്നു, പിന്നീട് മരി
  ക്കുന്നു, ദൈവമക്കൾ മരിക്കുന്നില്ല
  സൈന്യങ്ങൾ പരാജയപ്പെടുന്നു
  ദൈവത്തിന്റെ സൈന്യം പരാജയപ്പെ
  ടുകയില്ല!
- നാം ക്രൂശിന്റെ അടുത്തേക്ക് വരു
  മ്പോൾ, ദൈവത്തിന്റെ മക്കൾ,
  ക്രൂശ് വഹിക്കുമ്പോൾ ദൈവത്തിന്റെ
  സൈന്യം!
- സൈന്യത്തിന്റെ വാൾ
  ശരീരം മുറിക്കുന്നു
  ദൈവത്തിന്റെ സൈന്യത്തിന്റെ വാൾ
  ആത്മാവിനെ കുത്തിത്തുളയ്ക്കുന്നു!
- ചെങ്കടൽ– ഫറവോന്റെ സൈന്യത്തെ
  മുക്കിക്കളഞ്ഞു, അത് ദൈവത്തിന്റെ
  സൈന്യത്തിന് വഴി ഒരുക്കി!
- ആളുകളുടെ പേര് മണ്ണിൽ എഴുതിയി
  രിക്കുന്നു; ദൈവമക്കളുടെ പേര്
  ജീവന്റെ പുസ്തകത്തിൽ!
- ദൈവജനമെന്ന നിലയിൽ നമുക്ക്
  പുതിയ ജീവിതം ആവശ്യമാണ്
  ദൈവത്തിന്റെ സൈന്യം എന്ന നില
  യിൽ നമുക്ക് സുവിശേഷ
  പ്രവർത്തനം ആവശ്യമാണ്!

## എന്റെ ഹൃദയവും ഭവനവും ക്രിസ്തുവിന്!

കഴിഞ്ഞ രണ്ടു വർഷം എന്റെ ജീവിതത്തിലെ ഇരുണ്ട ദിനങ്ങളായിരുന്നു! എനിക്ക് തളർവാതമായിരുന്നതിനാൽ കിടക്കയിൽ നിന്നും എഴുന്നേല്ക്കുന്നതിന് രണ്ടു പേരുടെ സഹായം എനിക്ക് ആവശ്യമായിരുന്നു. ഞാൻ താമസിക്കുന്ന മണിപ്പൂരിലെ സേതാപൂർ ഗ്രാമത്തിൽ മിഷനറി സഹോ.അമർജിത് സന്ദർശിച്ചിരുന്നു. അദ്ദേഹം ദൈവവചനം എല്ലാ വീഥികളും പങ്കുവെച്ചു. 22-2-24 ൽ എനിക്ക് അതിഭയങ്കര ശരീരവേദന അനുഭവപ്പെട്ടു. എന്റെ അയൽവാസിയായ വിശ്വാസിയിലൂടെ മിഷനറി അമർജിതിനെ എന്റെ ഭവനത്തിലേക്ക് ക്ഷണിച്ചു. അദ്ദേഹം കണ്ണീരോടെ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. അദ്ദേഹം പ്രാർത്ഥിച്ച് സ്നേഹത്തോടെ എന്റെമേൽ എണ്ണ പൂശി. ഞാൻ യേശു ക്രിസ്തുവിനായി എന്നെ മുറ്റുമായി സമർപ്പിച്ചു. മൂന്ന് ആഴ്ചകളിലെ തുടർച്ചയായ പ്രാർത്ഥനയുടെ ഫലമായി ഞാൻ എന്റെ കിടക്കയിൽ നിന്നും എഴുന്നേറ്റ് ഇരുന്നു. ഇപ്പോൾ യേശു എന്റെ കൂടെ ഉള്ളതിനാൽ ഞാൻ പരസഹായം കൂടാതെ നടക്കുന്നു. അന്ധകാരത്തിൽ കഴിയുന്ന ആളുകളുടെ വിടുതലിനായി എന്റെ ഭവനം ഒരു സുവിശേഷ കേന്ദ്രമായി മാറി. യേശുക്രിസ്തുവിന്റെ നാമത്തിനു മഹത്വം!



**സഹോ. ഇബോയൈമ സിംഗ്, മണിപ്പൂർ**

## യേശുക്രിസ്തു എന്റെ രക്ഷകൻ

എന്റെ ഭർത്താവിന് വയറിന് ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഒടുവിൽ ചില അണുബാധകളെത്തുടർന്ന് അദ്ദേഹം ഗുരുതരമായ അവസ്ഥയിൽ എത്തിച്ചേർന്നു. അദ്ദേഹത്തിന്റെ ചികിത്സയ്ക്കായി ഉണ്ടായിരുന്നതെല്ലാം ഞങ്ങൾ ചെലവഴിച്ചു. കൂടാതെ ഞങ്ങൾ മന്ത്രവാദവും പരീക്ഷിച്ചു. എന്നാൽ അതൊന്നിനും ഞങ്ങളെ സഹായിക്കാൻ കഴിഞ്ഞില്ല. ഞങ്ങൾ പൂർണ്ണമായും ദുഃഖത്തിലും നിരാശയിലും ആയപ്പോൾ സുവിശേഷം ഞങ്ങളുടെ അടുക്കൽ എത്തി. ഞങ്ങളുടെ ഗ്രാമമായ നവഗാം ഗ്രാമത്തിൽ മിഷനറി സഹോ.ജലാം സിംഗിലൂടെ എത്തി. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കലേക്ക് വരുവീൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും എന്ന ക്രിസ്തുവിന്റെ ആഹ്വാനം ഞങ്ങളുടെ ഹൃദയത്തെ ധൈര്യപ്പെടുത്തി. യേശുക്രിസ്തു മൂലം എന്റെ ഭർത്താവിന് എഴുന്നേല്ക്കുവാനും നടക്കുവാനും കഴിഞ്ഞു. കൃത്യസമയത്ത് ഞങ്ങളെ സന്ദർശിച്ച മിഷനറിക്കായി ഞങ്ങൾ കർത്താവിന് നന്ദി പറയുന്നു. കർത്താവിനു മഹത്വം!

**സഹോദരി മൈലി ബെൻ, ഗുജറാത്ത്**



പ്രിയ വഞ്ചികാ സഹകാരികളുടെ ശ്രദ്ധയ്ക്ക് താങ്കളുടെ ഭവനത്തിൽ വഞ്ചികാ സമാഹരണത്തിനായി ഞങ്ങളുടെ പ്രവർത്തകൻ യഥാസമയം കടന്നു വന്നില്ല എങ്കിൽ ആ വിവരം ഏരിയ പ്രവർത്തകനെയോ ഓഫീസിലോ അറിയിച്ചാലും.

*വിശ്വവാണി ശുശ്രൂഷകളോടു ചേർന്ന് കേരളത്തിലെ വിവിധ ജില്ലകളിൽ സ്വമേധാ പ്രവർത്തകനായി സുവിശേഷവേലയിൽ ആയിരിക്കുവാൻ താല്പര്യമുള്ള വ്യക്തികളെ ക്ഷണിക്കുന്നു.*

***0469 2633165   9447251358***

**RNI REGD. NO. RN. 45020/89 | POSTAL REGD. NO. HQ/SD/181/2024-2026 - MALAYALAM | DATE OF PUBLICATION 25.06.2024**

**LICENSED TO POST WITHOUT PREPAYMENT - PMG/TS/HQR/SC-02/WPP/2024-2026**

Return Requested: VISHWAVANI SAMARPAN
1-10-28/247, Anandapuram,
ECIL Post, Hyderabad-500062.

യേശുവിനെ സ്വീകരിക്കുന്നവർക്കും ഘോഷിക്കുന്നവർക്കും വേണ്ടി സ്വർഗ്ഗസ്ഥനായ പിതാവ് നൽകുന്ന സമ്മാനം - ആരാധന, ആരാധനാലയം, ശക്തമായ ശുശ്രൂഷ. എല്ലാവരും ദൈവത്തെ ആരാധിക്കുന്ന സമയം അതിക്രമിച്ചിരിക്കുന്നു. ദൈവത്തിനു സ്തോത്രം!




SOURA PAILEM, ODISHA - 12.05.24



BAIDABAJA, ODISHA - 19.05.24



PEDAGUDA, ODISHA - 18.05.24



BALLERUGUDA, A.P. - 26.05.24



VENKAYALAGEDDA, A.P. - 19.05.24



SULEZARI, MAHARASHTRA - 08.06.2024



MURCHUKONA, A.P. - 19.05.24



PAKKABU, A.P. - 09.06.2024

VISHWA VANI SAMARPAN – MALAYALAM LANGUAGE

Printed and Published by P. Selvaraj on behalf of VISHWA VANI, a registered society (Regn. No.17871 of 1987) and printed at CAXTON Offset Pvt. Ltd., 11-5-416/3, Red Hills, HYD-04. and published at 1-10-28/247, Anandapuram, ECIL Post, HYD-62. **POSTING DATE: 28.06.2024. EDITOR: P. SELVARAJ**

# എക്സിക്യുട്ടീവ് ഡയറക്ടറിന്റെ കത്ത്....

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം!

ഈ സാമ്പത്തിക വർഷത്തിന്റെ കഴിഞ്ഞ 3 മാസങ്ങളിൽ നടന്ന ശുശ്രൂഷകളെ ദൈവം അനുഗ്രഹിച്ചതിനായി ദൈവത്തെ സ്തുതിക്കുന്നു. വിശ്വാസികളുടെ ജീവിതത്തിൽ ശക്തമായി ദൈവം പ്രവർത്തിച്ചതിനായും അനേകം വിശ്വാസികളുടെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതിനായും ദൈവത്തെ സ്തുതിക്കുന്നു. ഈ മഹത്വമേറിയ ശുശ്രൂഷയിൽ നമ്മെ ഉപയോഗിച്ച ദൈവത്തിനു നന്ദി കരേറ്റട്ടെ. വിശ്വാസത്തോടും വിനയത്തോടുംകൂടെ സുവിശേഷം കൈക്കൊണ്ട ദൈവമക്കളുടെ എണ്ണം വയലുകളിൽ വർദ്ധിക്കുന്നു. തദ്ദേശിയ മിഷനറിമാരും പ്രാർത്ഥനാ സഹകാരികളും ദൈവത്തിന്റെ സൈന്യമായി വയലുകളിൽ പെരുകുന്നു. അവന്റെ നാമം ഉയരട്ടെ!

സുവിശേഷം വളരെ സന്തോഷത്തോടെ സ്വീകരിച്ചു. പെന്തക്കോസ്ത് ദിവസം പത്രോസ് അപ്പോസ്തൊലൻ ആദിമസഭയിൽ നടത്തിയ ആദ്യത്തെ പ്രസംഗം അപ്പോസ്തൊല പ്രവൃത്തി 2-ാം അധ്യായത്തിൽ രേഖപ്പെടുത്തുയിരിക്കുന്നു. ഇവിടെ പത്രോസ് തന്റെ ഉപദേശങ്ങളും, പ്രത്യയശാസ്ത്രങ്ങളും, അനുഭവങ്ങളും അല്ല മറിച്ച് മരണത്തിന്റെയും സാത്താന്റെയും മേൽ വിജയം വരിച്ച യേശുക്രിസ്തുവിന്റെ ജീവനുള്ള വചനമാണ് പങ്കുവെച്ചത്(അ.പ്ര:2:14-36). അവരോടു പ്രസംഗിച്ച ദൈവവചനം അവർ കൈക്കൊണ്ടു എന്ന് അ.പ്ര:2:41; 13:48; 17:11 എന്നീ വാക്യങ്ങൾ വ്യക്തമാക്കുന്നു. പലരും ദൈവവചനം കേട്ടെങ്കിലും അവരിൽ മിക്കപേരും അത് വിശ്വസിച്ചില്ല, അതിനാൽ അവരുടെ ഹൃദയത്തിൽ ഒരു മാറ്റവും ഉണ്ടായില്ല. അഥേന നഗരത്തിലെ സമ്പന്നരും ജ്ഞാനികളും മറ്റുള്ളവരും അപ്പോസ്തൊലനായ പൗലോസ് പ്രസംഗിച്ചത് വിശ്വസിച്ചില്ല. അവർ അവനെ പരിഹസിക്കുകയും മാനസാന്തരം മാറ്റിവെയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു(അ.പ്ര:17:32). നാളെ ഞങ്ങൾക്കുള്ളതല്ല ദൈവത്തിന്റെ കരങ്ങളിലാണെന്നത് അവർ മറന്നുപോയി.

സുവിശേഷം വിശ്വസിക്കുകയും അത് കൈക്കൊള്ളുകയും ചെയ്തവരുടെ എണ്ണം 3000(2:41) ആയും 5000 (4:4)ആയും പിന്നീട് അസംഖ്യം (5:14; 11:21) ആയും വർദ്ധിച്ചതായി ചരിത്രം വെളിപ്പെടുത്തുന്നു. വിശ്വാസികൾക്ക് ക്രിസ്ത്യാനികൾ എന്നു പേരായത് അന്ത്യോക്യയിൽ വെച്ചായിരുന്നു.

**ഞാൻ എമിൽ അണ്ണന്റെ വാക്കുകൾ ഓർക്കുന്നു:** ഞാൻ യേശുവിനെ സ്വീകരിക്കും, ലോകത്തെയല്ല, എന്നെ താഴേക്ക് തള്ളിയിടാൻ ശ്രമിക്കുന്ന സാത്താനെയുമല്ല, ഞാൻ യേശുക്രിസ്തുവിനെ മാത്രം സ്വീകരിക്കും(അ.പ്ര:16:30-34).

**സത്യസുവിശേഷം ഘോഷിച്ചു:** യേശുക്രിസ്തു എല്ലാവരെയും സ്നേഹിക്കുന്നു. ദൈവത്തിന്റെ നാമത്തിൽ ആരാധിക്കുന്നവർ രക്ഷിക്കപ്പെടും. സുവിശേഷം പ്രസംഗിക്കാതെ ലോകത്തെ പാപത്തിൽ നിന്നും രക്ഷിക്കാൻ കഴിയില്ല എന്ന് അപ്പോസ്തൊലനായ പൗലോസ് റോമ:10:12-18 വരെയുള്ള ഭാഗത്ത് വ്യക്തമാക്കുന്നു. ചുവടെ കൊടുത്തിരിക്കുന്ന വേദഭാഗങ്ങളിൽ നിങ്ങൾക്ക് ഈ സത്യം ധ്യാനിക്കാനും നിങ്ങളുടെ ആന്തരിക മനുഷ്യനെ ശക്തിപ്പെടുത്താനും കഴിയും: യോഹ:3:16; 7:37;5:24; 1യോഹ:4:15; 5:1

പ്രസംഗിക്കുന്നവനില്ലാതെ എങ്ങനെ നമുക്ക് സുവിശേഷം പങ്കുവെയ്ക്കാൻ കഴിയും? ആളുകൾ താല്പര്യത്തോടെ സുവിശേഷം ശ്രവിക്കുന്നതിന് കാത്തിരിക്കുമ്പോൾ പൂർണ്ണസമയ മിഷനറിമാരോ സ്വതന്ത്രരായ സുവിശേഷകരോ അവരോട് സുവിശേഷം പങ്കുവെയ്ക്കുന്നു. എന്നാൽ അവരെ ഒരു പ്രത്യേക ഗ്രൂപ്പിലേക്ക് അയയ്ക്കണം അല്ലെങ്കിൽ അവർ സ്വമേധയാ അവരുടെ അടുത്തേക്ക്

പോകണം(യോഹ:15:16; 2കൊരി:5:20; എഫെ:3:7; മർക്കോ:16:15).
ആത്മാക്കളെ നേടുന്നതിനായി സത്യസന്ധമായി സുവിശേഷം പങ്കുവെയ്ക്കുന്ന മിഷനറിമാരുടെ ചില സ്വഭാവങ്ങൾ ചുവടെ ചേർക്കുന്നു:

**1. നശിച്ചു പോകുന്ന ആത്മാക്കളോടുള്ള അനുകമ്പ**

അനുകമ്പ എന്ന വാക്കിന് ഉത്ക്കണ്ഠ എന്ന വാക്കിനേക്കാൾ ശക്തിയുണ്ട്. സ്നേഹത്തോടെയുള്ള പ്രവർത്തനമായിട്ടാണ് ഇത് കൂടുതലും നിർവ്വചിക്കപ്പെട്ടിരിക്കുന്നത്. സ്നേഹത്തോടെ പ്രവർത്തിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ദയവായി ലൂക്കോ:15:20; മർക്കോ:1:40-41 വരെയുള്ള വേദഭാഗങ്ങൾ വായിക്കുകയും അവയെ പിന്തുടരുകയും ചെയ്താലും.

**2. പിതാവിന്റെ ഹിതത്തോടുള്ള പ്രതിജ്ഞാബദ്ധത**

യോഹ:4:34 ൽ യേശു പറഞ്ഞു, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികെയ്ക്കുന്നതു തന്നെ എന്റെ ആഹാരം. ആരും നശിച്ചു പോകരുത് എന്നതാണ് പിതാവിന്റെ ഇഷ്ടം (1തിമൊ:2:4). കർത്താവിന്റെ രണ്ടാം വരവ് താമസിക്കുന്നത് ഇക്കാരണത്താൽ തന്നെയാണെന്ന് ഞങ്ങൾ അറിയുന്നു(2 പത്രോ:3:9). യോഹ:20:21 ൽ യേശുക്രിസ്തു പിന്നെയും ഉറപ്പിച്ചു പറയുന്നത് പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു

**3. സമയത്തെക്കുറിച്ചുള്ള ബോധം**

വിളവെടുപ്പിന് പാകമായ വയലുകൾ വിളവെടുക്കാൻ തയ്യാറാണോ എന്ന് യേശു ശിഷ്യന്മാരോട് ചോദിച്ചു(യോഹ:4:35). എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചു കൂടാത്ത രാത്രി വരുന്നു എന്ന മുന്നറിയിപ്പു യേശു നൽകുന്നു(യോഹ:9:4). അപ്പോസ്തൊലനായ പൗലോസ് സമയത്തെക്കുറിച്ച് പറയുന്നത്, ഇത് ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവീൻ എന്നാണ്(എഫെ:5:16). അരാമ്യപാളയത്തിൽ പോയ 4 കുഷ്ഠരോഗികൾ സമയം തക്കത്തിൽ ഉപയോഗിക്കുന്നതായി തിരുവചനത്തിൽ നാം വായിക്കുന്നു. പിന്നെ അവർ തമ്മിൽ തമ്മിൽ: നാം ചെയ്യുന്നതു ശരിയല്ല; ഇന്നു സദ്വർത്തമാന ദിവസമല്ലോ; നാമോ മിണ്ടാതിരിക്കുന്നു; നേരം പുലരുംവരെ നാം താമസിച്ചാൽ നമുക്കു കുറ്റം വരും; ആകയാൽ നാം ചെന്നു രാജധാനിയിൽ അറിവുകൊടുക്ക എന്നു പറഞ്ഞു(2 രാജാ:7:9).

**ശുശ്രൂഷാ സഹകാരികൾ സുവിശേഷ വേലയിൽ:**

ആത്മാക്കളുടെ കൊയ്ത്ത് അധികം സന്തോഷം നൽകുന്നു(ലൂക്കോ:15:7). എന്നാൽ ക്രിസ്ത്യാനികളിൽ അധികവും പൂർണ്ണഹൃദയത്തോടെ ഈ പ്രവൃത്തിയിൽ പങ്കാളികളാകുന്നില്ല(സദൃ:29:18). സുവിശേഷവേലയിലെ എതിർപ്പുകൾ, പൈശാചിക ശക്തിയാലുണ്ടാകുന്ന തടസ്സങ്ങൾ, സുവിശേഷവേലയിൽ ഫലം ലഭിക്കാത്തതിനാലുള്ള നിരാശ, തങ്ങളെക്കുറിച്ചുള്ള ആത്മാഭിമാനം, ബൈബിളിനെക്കുറിച്ചുള്ള തെറ്റായ ധാരണയാൽ മറ്റു വിശ്വാസങ്ങളിൽ നിന്നുള്ള ആളുകൾ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകാൻ കഴിയാതെ വരിക എന്നീ കാരണങ്ങളാൽ പലരും ആത്മാക്കളുടെ കൊയ്ത്ത് ഒഴിവാക്കുന്നു.

അപ്പോസ്തൊലനായ പൗലോസ് 2 കൊരി:5:1-20 ൽ സ്വയം മാതൃകയായി ചിത്രീകരിക്കുകയും വിശ്വസ്തനായ ഒരു മിഷനറി അല്ലെങ്കിൽ ഒരു വിശ്വാസി എങ്ങനെ ശുശ്രൂഷയിൽ പങ്കാളികളാകണമെന്നതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുന്നു.

1. കർത്താവ് ശില്പിയായി പണിത സ്വർഗ്ഗത്തിലെ ശാശ്വത ഭവനത്തെക്കുറിച്ചുള്ള ഉറച്ച വിശ്വാസം(വാക്യം 1-8)
2. ഈ ലോകത്തിൽ ക്രിസ്തുവിനെ പ്രസാദിപ്പിക്കുക(വാക്യം9)
3. നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായസാനത്തിനു മുമ്പാകെ നില്ക്കണം എന്ന

ഭയം(വാക്യം10)
4. ക്രിസ്തുവിന്റെ സ്നേഹം നിർബ്ബന്ധിക്കുന്നു(വാക്യം14)
5. മനുഷ്യരിൽ നിന്നല്ല ക്രിസ്തുവിൽ നിന്നാണ് നമുക്ക് അനുരഞ്ജനത്തിന്റെ ശുശ്രൂഷ ലഭിച്ചത്(വാക്യം18-20)

**ശുശ്രൂഷയുടെ ഫലങ്ങൾക്കായി ദൈവത്തിനു സ്തോത്രം:**

1. കഴിഞ്ഞ 2 മാസത്തെ ശുശ്രൂഷയുടെ ഫലമായി വിശ്വാസം ഏറ്റുപറഞ്ഞ 1065 വിശ്വാസികൾക്കായും വിശ്വാസപ്രഖ്യാപനത്തിനായി ഒരുങ്ങുന്ന 12433 പേർക്കായും ദൈവത്തിനു സ്തോത്രം
2. ഈ സാമ്പത്തിക വർഷത്തിന്റെ മൂന്നു മാസങ്ങൾക്കുള്ളിൽ 20 പുതിയ ആരാധനാലയങ്ങളുടെ സമർപ്പണ ശുശ്രൂഷ ചെയ്യുന്നതിനും 98 ആരാധനാലയങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനും ഇടയാക്കിയ ദൈവത്തിനു സ്തോത്രം.
3. ഉത്തരേന്ത്യയിലെ മിഷനറിമാരുടെ പരിശീലനത്തിനായി പഥാൻകോട്ടിൽ ഒരു പരിശീലനകേന്ദ്രം നിർമ്മിക്കുന്നതിനായി വാങ്ങിയ സ്ഥലത്തിന്റെ സാമ്പത്തിക ഇടപാടുകൾ പൂർത്തിയാക്കുവാൻ ദൈവം സഹായിച്ചതിനായി സ്തോത്രം.
5. വെസ്റ്റ് തമിഴ്നാട്, വടക്കെ ഇന്ത്യ, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളുടെ ക്യാംപ് വിജയകരമായി പൂർത്തിയാക്കുവാൻ ദൈവം സഹായിച്ചതിനായി സ്തോത്രം.
6. 49 തദ്ദേശീയ മിഷനറിമാർ തങ്ങളുടെ പരിശീലനം വിജയകരമായി പൂർത്തിയാക്കി വയലുകളിൽ അവരുടെ പാദങ്ങൾ വെച്ചതിനായി സ്തോത്രം
7. വിശ്വവാണി വയലുകളിൽ ക്രമീകരിച്ച വി.ബി.എസ്സ് 16720 കുഞ്ഞുങ്ങൾക്ക് പ്രയോജനപ്പെട്ടതിനായി ദൈവത്തിനു സ്തോത്രം.
8. വിശ്വവാണിയിലെ മിഷനറിമാരുടെ മക്കൾക്കും വിശ്വാസികളുടെ മക്കൾക്കും അവരുടെ പരീക്ഷകളിൽ ഉന്നതവിജയം ലഭിക്കുകയും ഉപരിപഠനത്തിനായി ചുവടുകൾ വെയ്ക്കുകയും ചെയ്യുന്നതിന് കൃപചെയ്ത ദൈവത്തിന് സ്തോത്രം.
7. 12 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന സമർപ്പൺ മാസികയ്ക്കായി ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ഇത് 1,60,000 കുടുംബങ്ങളിലേക്ക് ശുശ്രൂഷയുടെ ദർശനം എത്തിക്കുന്നു.
8. വിശ്വവാണിയിലെ മിഷനറിമാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ കെയർ ആൻഡ് നീഡി ആയിരക്കണക്കിന് കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്നതിനായി ദൈവത്തിനു സ്തോത്രം.

**ശുശ്രൂഷാ സഹകാരികളോടുള്ള പ്രത്യേക അപേക്ഷ:**

1. ശുശ്രൂഷയുടെ ഔദ്യോഗിക നാവായ സമർപ്പൺ മാസികയുടെ വരിസംഖ്യ അടച്ചു രസീത് കൈപ്പറ്റിയാലും. ദയവായി മാസിക വായിക്കുകയും ശുശ്രൂഷ നടക്കുന്ന വയലുകൾക്കായി പ്രാർത്ഥിക്കുകയും ചെയ്താലും. മേൽവിലാസത്തിൽ മാറ്റങ്ങൾ വരുമ്പോൾ ആ വിവരം വിശ്വവാണി ഓഫീസുകളിൽ അറിയിച്ചാലും.
2. വഞ്ചികാ സഹകാരികൾ ഞങ്ങളുടെ പ്രവർത്തകർ ആറു മാസത്തിലൊരിക്കൽ നിങ്ങളുടെ ഭവനം സന്ദർശിക്കുമ്പോൾ നിങ്ങളുടെ നല്ലദാനങ്ങൾ നൽകി ശുശ്രൂഷയെ സഹായിച്ചാലും. നിങ്ങളുടെ മക്കളെ ശുശ്രൂഷയെ സഹായിക്കുന്നതിന് പ്രോത്സാഹിപ്പിച്ചാലും.
3. സുവിശേഷം എത്താത്ത ഗ്രാമങ്ങളിൽ സുവിശേഷം പങ്കിടാൻ മാസന്തോറും 4000/- രൂപവീതം നൽകി ശുശ്രൂഷ വേഗത്തിലാക്കിയാലും.
4. ശുശ്രൂഷയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി പ്രത്യേക ദാനങ്ങൾ നൽകിയാലും
5. നിങ്ങൾ ആയിരിക്കുന്ന സഭയിലും പ്രദേശത്തും വിശ്വവാണി ശുശ്രൂഷയെ പരിചയപ്പെടുത്തുന്നതിനായി സ്വമേധാ പ്രതിനിധിയാകുവാൻ മുന്നോട്ടു വന്നാലും.

6. ഈ ശുശ്രൂഷയെ മറ്റുള്ളവരെ പരിചയപ്പെടുത്തുന്നതിന് പ്രതിജ്ഞാബദ്ധരായ വ്യക്തികളെയും കുടുംബങ്ങളെയും ഞങ്ങൾക്ക് ആവശ്യമാണ്.
7. സംഭാവന നൽകുമ്പോൾ നിങ്ങളുടെ മൊബൈൽ നമ്പർ മറക്കാതെ നൽകിയാലും. നിങ്ങളുടെ എല്ലാ സഹകരണത്തിനും നന്ദി അറിയിക്കുന്നു

**ഇന്ത്യ മിഷൻസ് അസ്സോസിയേഷൻ - ഗ്ലോബൽ മിഷൻ ഉച്ചകോടി**
**മിസോറാം 10-14,ജൂൺ 24**

2024 ജൂൺ മാസം 11-13 വരെ ഐസ്വാളിൽ മിസോറാം പ്രെസ്ബിറ്ററിയൻ സിനഡ് സംഘടിപ്പിച്ച IMA-ഗ്ലോബൽ മിഷൻ ഉച്ചകോടിയിൽ ഇന്ത്യൻ മിഷൻ ഓർഗനൈസേഷനുകളുടെ 220 സി.ഇ.ഒമാർ പങ്കെടുത്തു. എന്നോടൊപ്പം വിശ്വവാണി മേഖലാ ഡയറക്ടർമാരായ റവ.ഡോ.ആഷാനന്ദ് ലിമ, റവ. ഡോ. എം. അഗസ്റ്റിൻ എന്നിവർ പങ്കെടുത്തു. തദ്ദേശിയരായ മിഷനറിമാരിലൂടെയും ഭാരതത്തിലെ ദൈവമക്കളുടെ കൈത്താങ്ങലിലൂടെയും അതിരുകൾക്കപ്പുറമുള്ള ദൗത്യം എന്ന വിഷയത്തെക്കുറിച്ച് അയവിറക്കുവാനും ആഴമായി ചിന്തിക്കുവാനും ദൈവം അവസരം നൽകി. കൂടാതെ ശുശ്രൂഷയെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാനും സമയം ചെലവഴിച്ചു. ജൂൺ 14 ന് നടന്ന AGM ഓഫ് ഇന്ത്യ മിഷൻസ് അസ്സോസിയേഷനിലും ഞാൻ പങ്കെടുത്തു. മിസോറാമിലെ പ്രസ്ബിറ്റീരിയൻ ചർച്ചുകളുമായി സഹകരിക്കുന്നതിനും ഞങ്ങളുടെ ദർശനം പൂർത്തീകരിക്കുന്നതിനും ദൈവം ഞങ്ങളെ സഹായിക്കട്ടെ.



**മണിപ്പൂർ ദുരിതാശ്വാസ പ്രവർത്തനം, 15-16, ജൂൺ 24**

15-06-2024 ൽ ഞാൻ രണ്ടാം പ്രാവശ്യം മണിപ്പൂർ സന്ദർശിക്കുകയും 4-ാം ഘട്ടം ദുരിതാശ്വാസ പ്രോജെക്ടിൽ പങ്കാളിയാകുകയും ചെയ്തു. കാക്ച്ചിംഗ്, ബിഷ്ണുപൂർ, വെസ്റ്റ് ഇംഫാൽ ജില്ലകളിലെ 200 കുടുംബങ്ങൾക്ക് 2000/- രൂപ വില വരുന്ന അരിയും കമ്പിളി വസ്ത്രങ്ങളും അടങ്ങിയ കിറ്റ് വിതരണം ചെയ്യാൻ ഞങ്ങളെ പ്രാപ്തരാക്കിയതിനു ദൈവത്തിനു നന്ദി കരേറ്റുന്നു. സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണെങ്കിലും മണിപ്പൂരിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കുന്നത് തുടർന്നാലും. ദയവായി തുടർന്നും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി സംഭാവന ചെയ്താലും. നമ്മുടെ മിഷനറിമാരെയും അവരുടെ കുടുംബങ്ങളെയും ദൈവം തന്റെ കൃപയാൽ സംരക്ഷിച്ചു. അവർ വിശ്വാസത്തോടെ ദൗത്യം തുടരുന്നു. നിങ്ങളുടെ പ്രാർത്ഥനകൾക്കും കൈത്താങ്ങലിനും നന്ദി അറിയിക്കുന്നു.



കർത്താവിന്റെ വേലയിൽ ഞങ്ങളെ സഹായിക്കുന്ന നിങ്ങളുടെ കുടുംബത്തെ ദൈവം അനുഗ്രഹിക്കട്ടെ.
കർത്താവിന്റെ വചനം ആ നാട്ടിൽ എങ്ങും വ്യാപിച്ചു.... ശിഷ്യന്മാർ സന്തോഷവും പരിശുദ്ധാത്മാവും നിറഞ്ഞവരായിത്തീർന്നു(അ.പ്ര:13, 49, 52)

**ചെന്നൈ** — **കർത്തൃശുശ്രൂഷയിൽ**
**16-6-24** — **റവ.ഡോ. വിൽസൺ ജ്ഞാനരാജ്**

2009 ജൂൺ മാസം സമർപ്പൺ മാസികയിലെ എമിൽ അണ്ണന്റെ പ്രത്യേക പംക്തിയുടെ പുനഃപ്രസിദ്ധീകരണം

## സുവിശേഷം -
## നാം സ്വീകരിക്കുമ്പോൾ- ദൈവത്തിന്റെ മക്കൾ ആയിത്തീരുന്നു
## നാം ഘോഷിക്കുമ്പോൾ- ദൈവത്തിന്റെ സൈന്യം ആയിത്തീരുന്നു!

പ്രിയരേ,

സുവിശേഷ രഥം എല്ലാ ലോകരാജ്യങ്ങളിലൂടെ വരുന്നു
ഭാരതത്തിലെ എല്ലാ തെരുക്കളിലൂടെ വരുന്നു!
സുവിശേഷം ആഗ്രഹിക്കുന്ന എല്ലാവരെയും ഉൾക്കൊള്ളാൻ
ആ സുവിശേഷ രഥത്തിൽ ഇടമുണ്ട്!
എല്ലാവർക്കും അവസരമുണ്ട്! എല്ലാവർക്കും സ്വാഗതം!
രജിസ്ട്രേഷൻ ആവശ്യമില്ല, പ്രവേശനം സൗജന്യമാണ്,
ശുപാർശ ആവശ്യമില്ല - ആഗ്രഹിക്കുന്നവർക്ക് കയറാൻ കഴിയും-
അവർക്ക് യേശുരാജാവിനോടുകൂടെ ഇരിക്കാൻ കഴിയും!
അവർ അങ്ങനെ ചെയ്യുമ്പോൾ -
അവരുടെ ഹൃദയം പുതിയതാകും, അവരുടെ മനസ്സ് രൂപാന്തരപ്പെടും,
അവരുടെ ശരീരം ദൈവത്തിന്റെ മന്ദിരം ആയിത്തീരും
അവരുടെ വായിൽ പുതിയ പാട്ടുണ്ടായിരിക്കും, അവരുടെ ചിന്തകൾ
ക്രിസ്തുവിന്റേതായിരിക്കും - അവർ ദൈവത്തിന്റെ മക്കളാണ്!

> രഥത്തിൽ കയറിയവർ
> അവരെ രഥത്തിൽ വിളിച്ച് കയറ്റിയ
> യേശുക്രിസ്തുവിനെ പ്രഘോഷിക്കും!
> രഥം മുന്നോട്ടു നീങ്ങുമ്പോൾ, ദൈവജനം
> തെരുക്കളിലും, വഴിയോരങ്ങളിലും, കടകളിലും,
> വീടുകളിലും നിൽക്കുന്ന ജനതയോട്
> അല്ലയോ, ദാഹിക്കുന്ന എല്ലാവരുമേ, സുവിശേഷ രഥത്തിൽ കയറുക
> പണം ആവശ്യമില്ല, മനസ്സാണ് പ്രധാനം
> നിങ്ങൾ കയറിയാൽ, നിങ്ങളുടെ ആത്മാവ് രക്ഷിക്കപ്പെടും
> ദാവീദിനു വാഗ്ദത്തം ചെയ്യപ്പെട്ട കൃപ നിങ്ങൾക്കുള്ളതായിരിക്കും!
> രാവും പകലും അവർ അവരെ വിളിക്കുന്നു!
> അവർ ദൈവത്തിന്റെ സൈന്യമാണ്!

പ്രിയരേ,

ജനം 5 മുറിവുകൾ കാണുന്നതുവരെ 5 ഭൂഖണ്ഡങ്ങളും പ്രശ്നങ്ങളാൽ നിറയപ്പെട്ടിരിക്കുന്നു
അവർ പ്രശ്നങ്ങൾ മാത്രമേ കാണൂ!
കാരണം എന്താണ്?
അവരുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണം അവരുടെ പാപമാണ്!

പാപത്തിന് ഒരു ഉത്തരം കണ്ടെത്തുന്നതുവരെ
തടസ്സങ്ങൾ കൂടാതെ അവർക്ക് ഭാവിയിലേക്ക് നടക്കാൻ കഴിയില്ല
ദൈവത്തിന്റെ വചനം പറയുന്നു, പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു(സങ്കീ:51:5)
ആ വാക്യത്തോടെ അത് അവസാനിക്കുന്നില്ല,
31,102 വാക്യങ്ങളിലും പ്രതിഫലിക്കുന്നു.
പാപം ചെയ്യാത്ത മനുഷ്യൻ ഇല്ലല്ലോ(1 രാജാ:8:46)
വേദപുസ്തകത്തിലെ 1189 അധ്യായങ്ങളിലും പ്രതിധ്വനിക്കുന്നു!
യേശു ആരാണെന്ന്
മനുഷ്യൻ സ്വയം മനസ്സിലാക്കുമ്പോൾ
അവൻ സുവിശേഷ രഥത്തിൽ കയറി സുവിശേഷം ഘോഷിക്കും!
സുവിശേഷ രഥത്തിൽ കയറുന്നത് ആര്?
യേശുവിനെ തള്ളിപ്പറഞ്ഞ മഹാപുരോഹിതനല്ല,
യേശുവിനെ ചോദ്യം ചെയ്ത പീലാത്തോസല്ല,
യേശുവിനോടു ദേഷ്യപ്പെട്ട യൂദാസല്ല,
താൻ പാപിയാണെന്ന് തിരിച്ചറിയുന്നവൻ!
അവൻ സുവിശേഷ രഥത്തിൽ കയറുന്നു – ദൈവമക്കൾ ആയിത്തീരുന്നു!
അവൻ സുവിശേഷം ഘോഷിക്കുന്നു – ദൈവത്തിന്റെ സൈന്യമായിത്തീരുന്നു
പ്രിയരേ,

പാപം ചെയ്ത ആളുകൾ എത്ര, ദൈവമക്കൾ എത്ര
ലോകത്തിന്റെ സൈന്യവും ദൈവത്തിന്റെ സൈന്യവും എത്ര
എന്നിങ്ങനെ ലോകത്ത് ഒരിടത്തും കണക്കെടുക്കുന്നില്ല
അത് വിഡ്ഢിത്തമായി കാണക്കാക്കും!
എന്നാൽ ഒരു വാക്കുകൊണ്ട് ലോകം മുഴുവൻ സൃഷ്ടിച്ചവൻ
കടലിലെ തിരമാലകളോട് ആജ്ഞാപിക്കുന്ന സർവ്വശക്തൻ
പാപം ചെയ്തവർ ആരാണ്, ദൈവത്തിന്റെ മക്കൾ ആരാണ്
എന്ന് കൃത്യമായി അറിയുന്നു
ജനനത്തീയതി ലോകത്തിന് പ്രധാനമാണ്,
എന്നാൽ വീണ്ടും ജനനത്തീയതി സ്വർഗ്ഗത്തിൽ ആവശ്യമാണ്!
ലോകത്തിന് വൃത്തിയുള്ള വസ്ത്രം ആവശ്യമാണ്,
എന്നാൽ സ്വർഗ്ഗത്തിൽ നീതിയുടെ വസ്ത്രം ആവശ്യമാണ്!
സൃഷ്ടിതാവിന്റെ മുമ്പിൽ നില്ക്കേണ്ടതിന്റെ ആവശ്യകത അറിഞ്ഞവർ
വിനയാന്വിതനാകും, തകരുകയും അനുതപിക്കുകയും ചെയ്യും!
അവർ യേശുവിനോടുകൂടെ വിരുന്നു കഴിക്കും!
അവർ ദൈവമക്കളായിത്തീരും!

പ്രിയരേ,
ആദാമിന് ബുദ്ധി എത്ര ഉണ്ടായിരുന്നു?
ഉല്പ:2:19 അനുസരിച്ച്,
അവന്റെ ഹൃദയം പാപത്താൽ നിറയുന്നതിനുമുമ്പ്

അവനാണ് ആകാശത്തിലെ പക്ഷികൾക്ക് പേരിട്ടത്
ഒപ്പം വയലിലെ മൃഗങ്ങൾക്കും!
ആദാം അവർക്ക് പേരിടുന്നത് ദൈവം ശ്രദ്ധിച്ചു
നാളിതുവരെ ആ പേരുകൾ മാറിയിട്ടില്ല!
അവൻ ഒരു മൃഗത്തിന് സിംഹം എന്നു പേരിട്ടു,
ഇന്നും സിംഹം എന്നു വിളിക്കുന്നു!
അവൻ ഒരു പക്ഷിക്ക് പരുന്ത് എന്നു പേരിട്ടു, ഇന്നും പരുന്ത് എന്നു വിളിക്കുന്നു!
ആകാശത്തിലെ പറവകൾക്കും കരയിലെ മൃഗങ്ങൾക്കും ജലജീവികൾക്കും എല്ലാം ഇന്നും അതേ പേരാണ് വിളിക്കുന്നത്!
ആദാമിന് ഒരു കമ്പ്യൂട്ടർ ഉണ്ടായിരുന്നില്ല,
ദൈവത്തിന്റെ സ്വരൂപത്തിൽ സ്വയം കാത്തു സൂക്ഷിക്കുന്നതുവരെ ആദാമിന്റെ അറിവുകളും ചിന്തകളും ഓർമ്മശക്തിയും
ഒരു കമ്പ്യൂട്ടറിനേക്കാൾ ശക്തിയേറിയതായിരുന്നു!
പാപത്തിന്റെ വിഷം അവന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നതുവരെ!
അതുപോലെ, ആദാമിന്റെ ശാരീരിക ശക്തി എന്തായിരുന്നു?
നൂറിലധികം ട്രാക്ടറുകൾ ആവശ്യമായിരുന്നിടത്ത്
അവനു തനിയെ ഏദെൻ തോട്ടം ഉഴുതുമറിക്കാൻ കഴിഞ്ഞിരുന്നു!
അത് അവന്റെ ശക്തി ആയിരുന്നില്ല; അത് ദൈവത്തിന്റെ ശക്തിയായിരുന്നു!
അത് ദൈവത്തിന്റെ സ്വരൂപത്തിൽ സ്വയം സൂക്ഷിച്ചതുവരെ!
എന്നാൽ പാപത്തിന്റെ വിഷം അവന്റെ ഹൃദയത്തെ കീഴടക്കിയ ദിവസം
അവൻ അശക്തനായി! ലജ്ജയാലും ഭയത്താലും അശക്തനായി!
അവന് താൻ നഗ്നനെന്നു തോന്നി, അവൻ ഇലകൾ കൊണ്ട് പൊതിഞ്ഞ്
മരങ്ങൾക്കു പിന്നിൽ ഒളിക്കാൻ ശ്രമിച്ചു.
എന്നാൽ അതു ചെയ്യാൻ കഴിയാതെ ലജ്ജിതനായി!
ഈ ലജ്ജ എപ്പോഴാണ് നീങ്ങിപ്പോയത്?
കർത്താവായ യേശുക്രിസ്തുവിന്റെ  ക്രൂശ്  മരണത്തിലൂടെ!
തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു(യോഹ:3:16).
കർത്താവിന്റെ സ്നേഹവും രക്ഷകനായ യേശുക്രിസ്തുവിന്റെ അമൂല്യമായ ത്യാഗവും മനസ്സിലാക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവൻ നശിക്കുകയില്ല! അതിന്റെ ശരിയായ അർത്ഥം മരിക്കില്ല എന്നാണ്. എന്തുകൊണ്ട്? അവൻ ദൈവ ത്തിന്റെ പൈതലാണ്!
എങ്ങനെ? വിശ്വാസത്താൽ!
ആരിലുള്ള വിശ്വാസം? കർത്താവായ യേശുക്രിസ്തുവിൽ!
വിശ്വാസം അവന്  ശ്വാസം നൽകുന്നു-
ആ ശ്വാസം എന്താണ്? സുവിശേഷവേലയുടെ ശ്വാസം!
സുവിശേഷം എത്ര ശക്തമാണെന്ന് നോക്കൂ,
അത് പാപിയായ ഒരു മനുഷ്യനെ ദൈവപൈതലാക്കി മാറ്റുന്നു!
ദൈവത്തിന്റെ സൈന്യമാകാൻ ദൈവജനത്തെ പ്രാപ്തരാക്കുന്നു!

ദൈവജനം രാവും പകലും യേശുകർത്താവിനെ ആരാധിക്കുന്നു!
സമയം അനുവദിച്ചാലും ഇല്ലെങ്കിലും ദൈവത്തിന്റെ സൈന്യം
യേശുക്രിസ്തുവിനെ ഘോഷിക്കുന്നു!
ദൈവജനം പാപത്തെ വെറുക്കും,
ദൈവത്തിന്റെ സൈന്യം പാപികളെ സ്നേഹിക്കും,
സുവിശേഷ രഥത്തിൽ പ്രവേശിക്കുന്നതിന് മറ്റുള്ളവരെ ക്ഷണിക്കും!
ആ നിരയിൽ നിങ്ങൾ നിൽക്കുന്നുവെങ്കിൽ
അവന്റെ ജനമായോ അവന്റെ സൈന്യമായോ
അവസാന ദിവസം വരെ നിൽക്കുക!
നിങ്ങൾ ആ നിരയിൽ ഇല്ലെങ്കിൽ
അവരോടൊപ്പം ചേരാൻ ദൈവകൃപ നിങ്ങളെ പ്രാപ്തരാക്കട്ടെ!
ദൈവത്തിന്റെ ജനമായും ദൈവത്തിന്റെ സൈന്യമായും കർത്താവ് നിങ്ങളെ നയിക്കട്ടെ,
മനുഷ്യരെ രൂപാന്തരപ്പെടുത്തുന്ന സുവിശേഷം പ്രഘോഷിക്കാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ,
ഭയം കൂടാതെ, ലജ്ജിക്കാതെ, താമസം കൂടാതെ, സുവിശേഷത്തിന് കടക്കാരനെന്ന നിലയിൽ,

## ഒരു പ്രാർത്ഥന

യേശുകർത്താവേ,
അങ്ങ് എല്ലാവർക്കും നൽകിയ സുവിശേഷം എല്ലാ ഭാഷകളിലും ഘോഷിക്കപ്പെടട്ടെ, അത് പാപഭാരത്തിൽ നിന്നും വിഷാദത്തിൽ നിന്നും മോചനം ലഭിക്കുന്നതിനും, രോഗം, സാമ്പത്തിക പ്രശ്നങ്ങൾ, കുടുംബപ്രശ്നങ്ങൾ, ഭാവി, ഭയം, സാത്താനെക്കുറിച്ചുള്ള ഭയം എന്നിവയിൽ നിന്ന് വിടുവിക്കേണ്ടതിനായും ഞങ്ങൾ പ്രാർത്ഥിക്കുന്നു.
ആളുകൾ ദൈവമക്കളുടെ നിരയിൽ ചേരുകയും
ദൈവത്തിന്റെ സൈന്യമായി അണി നിരക്കുകയും ചെയ്യട്ടെ!
മുട്ടോളമല്ല, അരയോളവും അല്ല ഒരു നദിപോലെ
പരിശുദ്ധാത്മാവിനെ ഞങ്ങളുമേൽ പകരേണമേ.
കാൽവറിയിലേക്ക് ആളുകൾ കുതിക്കട്ടെ
ആളുകൾ ദൈവത്തിന്റെ ജനമായും
ആത്യന്തികമായി ദൈവത്തിന്റെ സൈന്യമായും തീരട്ടെ
പാപം ഇല്ലാതെയാകട്ടെ, വിശുദ്ധി വർദ്ധിക്കട്ടെ,
ശാപം അപ്രത്യക്ഷമാകട്ടെ അനുഗ്രഹങ്ങൾ ഒഴുകട്ടെ
പിതാവേ, അങ്ങയുടെ പുത്രന്റെ മഹത്വത്തിനായി
ചെയ്താലും
പരിശുദ്ധാത്മാവിന്റെ സഹായത്താൽ ചെയ്താലും
ഞങ്ങളുടെ കണ്ണുകൾ അതിന് സാക്ഷ്യം വഹിക്കുകയും അങ്ങയെ സ്തുതിക്കുകയും ചെയ്യട്ടെ!
യേശുവിന്റെ നാമത്തിൽ ആമേൻ!

# കേരളത്തിൽ നിന്നും......

സഹോ.ബിജു വർഗീസ്, സ്റ്റേറ്റ് കോഓർഡിനേറ്റർ

ദൈവനാമത്തിനു മഹത്വമുണ്ടാകട്ടെ!

എല്ലാ ശുശ്രൂഷാ സഹകാരികൾക്കും യേശുക്രിസ്തുവിന്റെ നാമത്തിലുള്ള സ്നേഹവന്ദനം.

കർത്താവിൽ പ്രിയരേ,

സംഭവബഹുലമായ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. കഴിഞ്ഞ മാസം കുവൈറ്റിലുണ്ടായ അഗ്നിബാധ കേരളത്തെ കണ്ണീരിലാഴ്ത്തിയ വലിയ ഒരു സംഭവം ആയിരുന്നു. ഉപജീവനത്തോടുള്ള ബന്ധത്തിൽ കുവൈറ്റിലായിരുന്ന നമ്മുടെ ചില പ്രിയപ്പെട്ടവർ ഈ ലോകത്തിൽ നിന്നു മാറ്റപ്പെട്ടു. ആ പ്രിയപ്പെട്ടവരുടെ കുടുംബങ്ങളെ നമ്മുടെ വാക്കുകൾക്ക് ആശ്വസിപ്പിക്കാൻ കഴിയില്ല. എന്നാൽ സ്വർഗ്ഗത്തിലെ ദൈവം നിത്യസമാധാനത്താൽ അവരുടെ ഹൃദയങ്ങളെ ആശ്വസിപ്പിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. 2024 ന്റെ 6 മാസങ്ങൾ നാം പിന്നിട്ടു കഴിഞ്ഞു. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ കരുതലും വിശ്വസ്തതയും അനുഭവിക്കാൻ കഴിഞ്ഞതോർത്തു ദൈവത്തെ സ്തുതിക്കുന്നു. തുടർന്നുള്ള നാളുകളിലും ദൈവത്തിലും അവന്റെ അമിത ബലത്തിലും നമുക്ക് ആശ്രയിക്കാം.

ഈ മാസവും വിശ്വവാണിയുടെ ഔദ്യോഗിക നാവായ സമർപ്പൺ മാസിക പ്രസിദ്ധീകരിക്കുവാൻ ദൈവം സഹായിച്ചു. ശുശ്രൂഷ നടക്കുന്ന വയലുകളിലെ വിവരങ്ങൾ യഥാസമയം ശുശ്രൂഷാ സഹകാരികളിലെത്തിക്കുവാൻ സമർപ്പൺ മാസിക വഹിക്കുന്ന പങ്ക് വിലപ്പെട്ടതാണ്. 12 ഭാഷയിൽ 1,60,000 കോപ്പികൾ അച്ചടിക്കുന്നു. പ്രസിദ്ധീകരണ വിഭാഗത്തെ ഓർത്തു പ്രത്യേകം പ്രാർത്ഥിച്ചാലും. കൂടാതെ സമർപ്പൺ മാസികയുടെ വാർഷിക വരിസംഖ്യയായ 100/- അടച്ച് ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായാലും. യഥാസമയം മാസിക ലഭിക്കാതെ വരികയോ മേൽവിലാസത്തിൽ മാറ്റം വരികയോ ചെയ്താൽ ആ വിവരം ഓഫീസിൽ അറിയിക്കാനും താല്പര്യപ്പെടുന്നു.

ഈ ലക്കം സമർപ്പൺ മാസികയുടെ തലക്കെട്ട് സുവിശേഷം- അത് സ്വീകരിക്കുന്നവർ ദൈവമക്കൾ, അത് ഘോഷിക്കുന്നവർ ദൈവത്തിന്റെ സൈന്യം എന്നതാണ്. സുവിശേഷം അഥവാ യേശു ക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നവർക്ക് ദൈവമക്കൾ എന്ന വലിയ പദവി ലഭിക്കുന്നു. യോഹ:1:12 ൽ അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു എന്ന് നാം വായിക്കുന്നു. എന്നാൽ 10, 11 വാക്യങ്ങളിൽ യേശുവിനെ സ്വീകരിക്കാത്തവരെക്കുറിച്ചും അവനെ അവഗണിച്ചവരെക്കുറിച്ചും പറയുന്നു. 12-ാം വാക്യത്തിൽ ഒരു വലിയ പദവി ലഭിച്ചവരെക്കുറിച്ച് പരാമർശിക്കുന്നതായി കാണുന്നു. ഈ പദവി ലഭിക്കുന്നത് ലളിതമായ ഒരു ചുവടുവെയ്പ്പിലൂടെയാണ്. അതായത് യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുക. യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച നാം എല്ലാവരും ദൈവത്തിന്റെ മക്കളാണ്. നാം അവന്റെ മക്കളെങ്കിൽ അവകാശികളാണ്. അങ്ങനെയെങ്കിൽ നമുക്ക് ലഭിച്ചിരി

ക്കുന്ന ഈ പദവി നാം നഷ്ടപ്പെടുത്തിക്കളയരുത്. ദൈവമക്കൾ എന്നപദവി ലഭിച്ച വർ യേശുവിന്റെ സുവിശേഷം ഘോഷിക്കേണ്ടവരാണ്. ആ നിയോഗം യേശു കർത്താവ് തന്റെ ശിഷ്യന്മാർക്ക് നൽകുന്നതായി മർക്കോ:16:15ൽ വായിക്കുന്നു. അതിപ്രകാരമാണ്, നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടി യോടും സുവിശേഷം പ്രസംഗിപ്പീൻ. ഈ നിയോഗം ഏറ്റെടുക്കുന്നവർ ദൈവ ത്തിന്റെ സൈന്യമാണ്. അപ്പോസ്തൊലനായ പൗലോസ് അവരെ വിശേഷിപ്പി ക്കാൻ ഭടൻ എന്ന പദമാണ് ഉപയോഗിക്കുന്നത്.ഈ സൈന്യം സുവിശേഷമാ കുന്ന രഥത്തിൽ ദൈവവചനമാകുന്ന ആയുധവും ധരിച്ച് പിശാചാകുന്ന ശത്രു വിന്റെ തലയെ തകർക്കുന്നു. ഈ സൈന്യത്തിന്റെ നായകൻ കാൽവറിയിൽ പിശാചിന്റെ തലയെ തകർത്ത യേശുക്രിസ്തുവാണ്. വിശ്വവാണി സുവിശേഷ മുന്നേറ്റപ്രസ്ഥാനം സുവിശേഷ രഥമാണ്. ഈ രഥത്തിൽ യേശുവിനെ രക്ഷിതാ വായി സ്വീകരിച്ച ദൈവമക്കളാകുന്ന ദൈവത്തിന്റെ സൈന്യമാണ് ഉള്ളത്. പിശാ ചിന്റെ അടിമത്വത്തിൽ കഴിയുന്ന ഭാരതീയരെ നേടുക എന്ന ലക്ഷ്യമാണ് ഈ സൈന്യത്തിനുള്ളത്. 2030 നുമുമ്പ് ഒരു ലക്ഷം ഗ്രാമങ്ങളെ അവകാശമാക്കണം. സൈന്യത്തിന്റെ നായകൻ നമുക്കു മുമ്പായി ഉണ്ട്. യെശ:45:2 ൽ പറയുന്നു, ഞാൻ നിനക്കു മുമ്പായി ചെന്നു ദുർഘടങ്ങളെ നിരപ്പാക്കുകയും താമ്രവാതിലു കളെ തകർത്തു ഇരിമ്പോടാമ്പലുകളെ ഖണ്ഡിച്ചു കളകയും ചെയ്യും. അതേ പ്രിയരെ, ഭാരത ഗ്രാമങ്ങളിൽ നിലനില്ക്കുന്ന പ്രതിസന്ധികളെ സർവ്വശക്തൻ നമുക്കുവേണ്ടി ഇല്ലാതാക്കുന്നു. കർത്താവ് വൻകാര്യങ്ങളെ ഭാരതഗ്രാമങ്ങളിൽ ചെയ്യുന്നു. നമുക്ക് വിശ്വാസത്തോടെ ചുവടുകൾ വെയ്ക്കാം.

ഭാരതത്തിൽ വിശ്വവാണി ശുശ്രൂഷ അനുഗ്രഹകരമായി നടക്കുന്നു എന്നതിനു ഞങ്ങൾ സാക്ഷികളാകുന്നു. 49 പുതിയ മിഷനറിമാർ തങ്ങളുടെ പരിശീലനം പൂർത്തീകരിച്ച് ഇതുവരെയും സുവിശേഷം എത്താത്ത ഗ്രാമങ്ങളിൽ പാദം ചവിട്ടി യിരിക്കുന്നു. കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ 1065 പേർ സ്നാനം സ്വീകരിച്ച് സഭയോടു ചേരുവാനിടയായി. 12433 പേർ സ്നാനത്തിനായി ഒരുങ്ങുന്നു. കൂടാതെ കഴിഞ്ഞ മൂന്നു മാസങ്ങൾക്കുള്ളിൽ ആവശ്യത്തിലിരുന്ന ഗ്രാമങ്ങളിൽ 20 ആരാധനാലയങ്ങൾ പുതിയതായി നിർമ്മിച്ച് നൽകുവാൻ ഇടയായി. വിശ്വ വാണി വയലുകളിൽ ക്രമീകരിച്ച വി.ബി.എസ് വളരെ അനുഗ്രഹകരമായിരുന്നു. വിവിധ വയലുകളിൽ നിന്ന് 16720 കുഞ്ഞുങ്ങൾ പങ്കെടുത്തു. അവർക്ക് യേശു വിനെ കൊടുക്കുവാൻ സാധിച്ചു. കേരളത്തിലെ ഇടുക്കി ജില്ലയിലെ പാമ്പനാറും, എൽ.എം.എസ്സിലും നൂറിലധികം കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള വി.ബി.എസ്സ് നടത്തുവാൻ സാധിച്ചു. വി.ബി.എസ്സ് ദിനങ്ങൾ വളരെ അനുഗ്രഹകരമായിരു ന്നു. അതിനു നേതൃത്വം വഹിച്ച സഹോദരി ക്രിസ്റ്റി, സഹോദരി ലതാ സ്റ്റാൻലി, അദ്ധ്യാപകരായി പ്രവർത്തിച്ചവർ എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും അറി യിക്കുന്നു.

കേരളത്തിലെ വിശ്വവാണി ശുശ്രൂഷകൾക്കായി സ്തോത്രം ചെയ്യുന്നു. ശുശ്രൂ ഷയെ സ്നേഹിക്കുകയും പ്രാർത്ഥിക്കുകയും സന്തോഷത്തോടെ സഹായിക്ക കുയും ചെയ്യുന്ന എല്ലാ ദൈവമക്കൾക്കായും ദൈവത്തെ സ്തുതിക്കുന്നു. ഈ സുവിശേഷ രഥത്തിലുള്ള എല്ലാ കുടുംബങ്ങളെയും ദൈവം ധാരാളമായി അനു ഗ്രഹിക്കട്ടെ. ഞങ്ങളുടെ പ്രവർത്തകർ ധനസമാഹരണത്തിനായി താങ്കളുടെ ഭവ നത്തിൽ യഥാസമയം എത്തിയില്ല എങ്കിൽ ആ വിവരം ഓഫീസിൽ അറിയിച്ചാലും.

വിശ്വവാണി ഏരിയ തലത്തിൽ അടുത്ത മാസങ്ങളിൽ മീറ്റിംഗുകൾ ക്രമീകരിച്ചിരിക്കുന്നു. മീറ്റിംഗുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലും. കൂടാതെ ദേശീയതലത്തിൽ ജൂലൈ മാസം വിശ്വവാണി പ്രാർത്ഥനാ മാസമായി ക്രമീകരിച്ചിരിക്കുന്നു. അതിരാവിലെ 4 മണി മുതൽ രാത്രി 10 മണി വരെയാണ് പ്രാർത്ഥനാ സമയം. കേരളത്തിന്റെ സമയം രാത്രി 9 - 10 മണിവരെയാണ്. വിശ്വവാണി പ്രവർത്തകരുമായോ ഓഫീസുമായോ ബന്ധപ്പെട്ടാൽ അതതു ദിവസത്തേക്കുള്ള പ്രാർത്ഥനാ വിഷയങ്ങൾ അയച്ചു തരുന്നതായിരിക്കും.

റോമ:10:14ൽ പറയുന്നു, എന്നാൽ അവർ വിശ്വസിക്കാത്തവനിൽ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവനില്ലാതെ എങ്ങനെ കേൾക്കും? ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും? നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്നെഴുതിയിരിക്കുന്നവല്ലോ. തുടർന്നും കർത്താവിന്റെ പങ്കാളിത്തം വഹിക്കുകയും അനേകരെ ദൈവമക്കളെന്ന പദവിലേക്ക് ഉയർത്താം. അതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ എല്ലാവരെയും സഹായിക്കുമാറാകട്ടെ. ■

## *പ്രതികരണങ്ങൾ.............*

കഴിഞ്ഞ നാളുകളിൽ സമർപ്പൺ മാസിക വായിച്ച് നല്ല അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകിയ എല്ലാ പ്രിയപ്പെട്ടവരോടുമുള്ള നന്ദി അറിയിക്കുന്നു. പ്രത്യേകിച്ച് കഴിഞ്ഞ ചില മാസങ്ങളിൽ കത്തുകളിലൂടെയും ഫോണിലൂടെയും ഞങ്ങളെ പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുന്ന എല്ലാ പ്രിയപ്പെട്ടവരോടുമുള്ള നന്ദി അറിയിക്കുന്നു. തുടർന്നും മാസികയെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ ഞങ്ങളെ അറിയിച്ചാലും. മാസിക ലഭിക്കാത്തവർ ആ വിവരം അറിയിച്ചാൽ അതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതായിരിക്കും.

**വിശ്വവാണി, മഞ്ഞാടി .പി.ഒ, തിരുവല്ല-5, ഫോൺ: 0469 2633165**

## ദൈവം അവരുടെ കണ്ണുനീരിനെ തുടയ്ക്കട്ടെ!



തെലങ്കാനയിലെ ഉത്കൂർ വയലിൽ ശുശ്രൂഷ ചെയ്യുന്ന മിഷനറി സഹോ. ആദമിന്റെ സഹധർമ്മിണി റാഹേൽ ആദം(45) 1-6-24 ൽ താൻ പ്രിയം വെച്ച കർത്താവിനോടു ചേർന്നു. റാഹേൽ ഒരു മാനസിക രോഗി ആയിരുന്നു, കൂടാതെ അവളുടെ അവയവങ്ങളുടെ പ്രവർത്തനങ്ങൾ ഒന്നിനു പുറകെ ഒന്നായി കുറഞ്ഞുകൊണ്ടിരുന്നു. വൈദ്യശാസ്ത്രത്തിനും അവളെ സഹായിക്കാൻ കഴിഞ്ഞില്ല. സഹോദരിയുടെ തെലങ്കാനയിലെ ശുശ്രൂഷകൾക്കായി ദൈവത്തെ സ്തുതിക്കുന്നു. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന മിഷനറി ആദമിന്റെയും മക്കളായ രത്നയുടെയും രക്ഷിതയുടെയും ആശ്വാസത്തിനായി പ്രത്യേകം പ്രാർത്ഥിച്ചാലും.



രാമനാഥപുരം ജില്ലയിലെ പ്രമോഷണൽ പ്രവർത്തകനായ സഹോ.വെങ്കടേശൻ ദാനിയേലിന്റെ സഹധർമ്മിണി പ്രിയ(33)10-06-24 ൽ നിത്യതയിൽ പ്രവേശിച്ചു. ശുശ്രൂഷയിൽ തന്റെ പ്രിയപ്പെട്ടവന് വളരെ കൈത്താങ്ങായിരുന്നു പ്രിയ. എന്നാൽ 13-05-24 ൽ പ്രിയ ഒരു റോഡപകടത്തിൽപ്പെടുകയും തുടർന്ന് ചികിത്സ നേടുകയും ചെയ്തു. എന്നാൽ ചികിത്സകളൊന്നും ഫലപ്രദമായില്ല. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന മിഷനറി സഹോ.വെങ്കടേശൻ, മാതാപിതാക്കൾ, മകൻ ജോഷ്വ(5) എന്നിവരുടെ ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും.

# വിശ്വവാണിയ്ക്ക് സ്വന്തമായി ഒരു കെട്ടിടം ആവശ്യമുണ്ട്

1980ൽ ഭാരത സുവിശേഷീകരണത്തിനായി പ്രൊഫ.എമിൽ ജബസിംഗ് എന്ന ദൈവ ദാസന് ദൈവം നൽകിയ ദർശനം ആകുന്നു വിശ്വവാണി. ഈ ശുശ്രൂഷ ഇന്ന് 44 വർഷങ്ങൾ പിന്നിടുമ്പോൾ ഭാരതത്തിലെ 29 സംസ്ഥാനങ്ങളിലെ 222 ജില്ലകളിലെ 10424 ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുവാൻ ഇടയായി. കേരളത്തിലെ ശുശ്രൂഷയുടെ വളർച്ചയുടെ പിന്നിൽ നാളിതുവരെ പ്രാർത്ഥിച്ച, സാമ്പത്തികമായി സഹായിച്ച, ഞങ്ങളോടൊപ്പം പ്രവർത്തിച്ച എല്ലാ പ്രിയപ്പെട്ടവരെയും നന്ദിയോടെ ഓർക്കുന്നു. കൂടാതെ ഈ ശുശ്രൂഷയ്ക്ക് ധൈര്യം പകർന്നു തന്ന കേരളത്തിലെ എല്ലാ സഭക ളെയും സഭാ നേതൃത്വങ്ങളെയും ദൈവം ശക്തീകരിക്കുകയും നിലനിർത്തുകയും ചെയ്യട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കേരളത്തിലെ 14 ജില്ലകളിലും വിശ്വവാണി ശുശ്രൂഷ വളരെ ശക്തമായി നടക്കുന്നു. എന്നാൽ കേരളത്തിൽ വിശ്വവാണിക്ക് സ്വന്തമായി ഒരു ഓഫീസ് കെട്ടിടം ഇല്ല എന്നുള്ള ഒരു ഭാരം ഈ നാളുകളിൽ ഞങ്ങളിലുണ്ടായി. ആ വിഷയത്തിനായി ഞങ്ങ ൾ പ്രാർത്ഥിക്കുകയും കേരളത്തിലെ ദൈവമക്കളുമായി ആ വിഷയം പങ്കുവെ യ്ക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. കേരളത്തിന്റെ സ്റ്റേറ്റ് ഓഫീസായി പ്രവർത്തി ക്കേണ്ടതിന് എറണാകുളത്ത് സ്വന്തമായി ഒരു കെട്ടിടം ഞങ്ങൾക്ക് ആവശ്യ മാണ്. ആ യതിലേക്ക് സൗജന്യമായോ, കുറഞ്ഞ നിരക്കിലോ വസ്തുവോ, കെട്ടിടമോ നൽകാൻ സന്മനസ്സുള്ളവർ ഞങ്ങളുമായി ബന്ധപ്പെട്ടാലും. കൂടാതെ തല്ക്കാല ത്തേക്ക് ഓഫീസ് പ്രവർത്തിക്കുന്നതിന് കൊച്ചിയിൽ ഒരു കെട്ടിടം വാടകയ്ക്ക് ആവ ശ്യമുണ്ട്.

**ഫോൺ : 9447251358 (തിരുവല്ല),**
**9446161770 (എറണാകുളം),**
**9447923767 (തിരുവനന്തപുരം),**
**9645163456 (കോഴിക്കോട്)**

# പ്രാർത്ഥനാലയത്തിൽ നിന്നും.....



ദൈവനാമത്തിനു മഹത്വമുണ്ടാകട്ടെ.
"അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പീൻ" (1 പത്രോ: 5:6)
രോഗത്താലും കടഭാരത്താലും കുടുംബ പ്രശ്നങ്ങളാലും ഞെരുങ്ങുന്ന അനേകർ ഇന്ന് നമ്മുടെ ചുറ്റുപാടുമുണ്ട്. എന്നാൽ യേശുവിൽ വിശ്വസിക്കു ന്ന നമുക്ക് ഒരു പ്രത്യാശയുണ്ട്; അവൻ തക്കസമയത്ത് നമ്മെ ഉയർത്തുവാൻ മതിയായവൻ! കഴിഞ്ഞമാസവും അനേകർ തങ്ങളുടെ ഭാരങ്ങൾ ഫോണിലൂ ടെയും കത്തുകളിലൂടെയും ഞങ്ങളുമായി പങ്കുവെച്ചു. ഞങ്ങൾ ആ വിഷയങ്ങളിന്മേൽ ശക്തമായി പ്രാർത്ഥിച്ചു. പ്രത്യേകിച്ച് ഉപരിപഠനത്തി നായി നമ്മുടെ കുഞ്ഞുങ്ങൾക്ക് ദൈവം വഴികളെ ഒരുക്കേണ്ടതിനായി പ്രാർത്ഥിക്കു ന്നു. നമ്മുടെ കുഞ്ഞുങ്ങളുടെ സ്കൂളുകൾ തുറന്നല്ലോ. പകർച്ച വ്യാധിയിൽ നിന്നും മറ്റു രോഗങ്ങളിൽ നിന്നും ദൈവം നമ്മുടെ കുഞ്ഞുങ്ങളെ പരിപാലിക്കട്ടെ. പഠിക്കു ന്നതിന് ആവശ്യമായ ബുദ്ധിയും ജ്ഞാനവും ദൈവം നൽകട്ടെ എന്നു പ്രാർത്ഥി ക്കുന്നു. തുടർന്നും നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ ഞങ്ങളെ അറിയിച്ചാലും. ഞങ്ങൾ പ്രാർത്ഥിക്കുന്നതായിരിക്കും.

**ഞങ്ങളുടെ വിലാസം: പ്രാർത്ഥനാലയം, വിശ്വവാണി, മഞ്ഞാടി പി.ഒ, തിരുവല്ല-5 ഫോൺ: 0469 2633165, 9446351358**



# കൊയ്ത്തിന്റെ യജമാനനു സ്തോത്രം!

ആദ്യതലമുറ വിശ്വാസികൾക്ക് ഒരു ആരാധനാലയം നിർമ്മിച്ചു നൽകിയതിനുശേഷമേ തങ്ങൾക്ക് സ്വന്തമായി ഒരു ഭവനം നിർമ്മിക്കൂ എന്ന് ജയാസിംഗ് സാറും കുടുംബവും ദൈവത്തോടു പ്രതിജ്ഞ ചെയ്തു. അതിനായി 2012 മുതൽ ഒരു ചെറിയ പങ്ക് മാറ്റിവെയ്ക്കാൻ തുടങ്ങി. നമ്മുടെ നല്ല ആഗ്രഹങ്ങളെ പൂർത്തിയാക്കുന്ന ദൈവം അത് സാധിപ്പിച്ചു തന്നു. ആന്ധ്രാപ്രദേശിലെ മന്യാം ജില്ലയിലെ വെങ്കയലാഗൈസ്ലു വയലിൽ ഒരു ആരാധനാലയം നിർമ്മിച്ച് 19-05-24 ൽ ദൈവനാമമഹത്വത്തിനായി സമർപ്പിക്കുവാൻ ഇടയായി. പാളയംകോട്ടൈയിൽ നിന്നും ഞങ്ങൾ 5 പേരടങ്ങുന്ന ഒരു ടീം ആരാധനലയ സമർപ്പണ ശുശ്രൂഷയ്ക്കായി കടന്നുപോയി. ദൈവം ശ്രീ.ജയാസിംഗിനെയും കുടുംബത്തെയും ധാരാളമായി അനുഗ്രഹിക്കട്ടെ!

തുടർന്ന് ജൂൺ മാസം 6 ന് ആന്ധ്രാപ്രദേശിലെ അരക്കുവാലിയിലേക്ക് ഞങ്ങൾ യാത്ര ചെയ്തു. ശ്രീമതി.ഗ്ലോറി പോൾരാജും കുടുംബവും അവർക്ക് ദൈവം നൽകിയിരുന്ന നന്മകൾ അവർ പങ്കുവെയ്ക്കാനാഗ്രഹിച്ചു. ഈ കുടുംബം പക്കാബുവയലിൽ ഒരു ആരാധനാലയം നിർമ്മിച്ചു നൽകുവാൻ സ്വയം സമർപ്പിച്ചു. ദൈവകൃപയാൽ അത് 9-6-24ൽ ദൈവനാമമഹത്വത്തിനായി സമർപ്പിച്ചു. ദൈവഹിതപ്രകാരം ഈ വലിയ പദ്ധതി പൂർത്തീകരിക്കുവാൻ സഹായിച്ച ദൈവത്തിനു സ്തോത്രം!




**- യാത്രസംഘത്തോടൊപ്പം**
**സഹോ.ക്രിസ്റ്റഫർ**

## യേശുക്രിസ്തു എന്റെ ജീവനും ബലവും ആകുന്നു



സത്യദൈവത്തിനായുള്ള ആഗ്രഹവും അന്വേഷണവും കുട്ടിക്കാലം മുതൽ എനിക്കുണ്ടായിരുന്നു. ഞാൻ യുവാവായിരുന്നപ്പോൾ, സത്യദൈവത്തെക്കുറിച്ച് അറിയുന്നതിന് അനേകം പുസ്തകങ്ങൾ വായിച്ചിരുന്നു, പക്ഷേ അതിനുള്ള ഉത്തരം ലഭിച്ചില്ല. അക്കാര്യത്തിൽ കൂട്ടുകാർക്കു പോലും എന്നെ സഹായിക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം എന്റെ ഗ്രാമമായ സബാൽ ലീക്കൈ ഗ്രാമം സന്ദർശിച്ച മിഷനറിയെ ഞാൻ കണ്ടുമുട്ടുവാനിടയായി. അദ്ദേഹം ഒരു ലഘുലേഖ എനിക്കു നൽകുകയും ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് എന്നോടു പങ്കുവെയ്ക്കുകയും ചെയ്തു. യേശുവിന്റെ നാമത്തെക്കുറിച്ച് ഞാൻ അറിയാൻ ആരംഭിച്ചപ്പോൾ, എന്റെ ഹൃദയം സന്തോഷത്താൽ നിറയുവാൻ തുടങ്ങി. യേശുക്രിസ്തുവിലുള്ള പാപമോചനവും വിശുദ്ധജീവിതം നയിക്കുന്നതുമാണ് സ്വർഗ്ഗത്തിലെത്താനുള്ള വഴിയെന്ന് ഞാൻ മനസ്സിലാക്കാൻ തുടങ്ങി. 8-5-24 ൽ ഞാൻ ജീവനുവേണ്ടി പോരാടി. ക്രൂശിൽ മരണത്തെ ജയിച്ച യേശു എന്നെ ഉപേക്ഷിച്ചില്ല. യേശുക്രിസ്തു എനിക്ക് ഒരു പുതിയ ജീവൻ നൽകി. ഇപ്പോൾ, വേദപഠന കൂടിവരവിലൂടെയും ആരാധനാകൂടിവരവുകളിലൂടെയും യേശുക്രിസ്തുവിന്റെ നാമത്തെ ഉയർത്തുന്നു!

**- ഇതോംച്ചാ സിംഗ്, മണിപ്പൂർ**

# ദൈവത്തിന്റെ സൈന്യം

സഹോ.ബിജു വർഗീസ്, തിരുവല്ല

സുവിശേഷം ഘോഷിക്കുന്നവർ ദൈവത്തിന്റെ സൈന്യമാണ്. സുവിശേഷം ഘോഷിക്കുന്നതിനുള്ള പദവി ആർക്കാണ്? അത് ദൈവത്തിന്റെ മക്കൾക്ക് മാത്രമുള്ളതാണ്. ആ പദവി ലഭിക്കണമെങ്കിൽ ഏതെങ്കിലും പ്രത്യേക ബിരുദമോ, ശാരീരിക ബലമോ സൗന്ദര്യമോ, സാമ്പത്തികമോ ആവശ്യമില്ല. യേശുകർത്താവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് ആ പദവി ലഭിക്കും. അങ്ങനെ ദൈവമക്കൾ ആകുന്നവരുടെ ഉത്തരവാദിത്തമാണ് സുവിശേഷ ഘോഷണം. സുവിശേഷ ഘോഷണം എന്ന ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോൾ അവർ ദൈവത്തിന്റെ സൈന്യത്തിലെ ഒരു അംഗമായി മാറും. അപ്പോസ്തൊലനായ പൗലോസ് 2 കൊരി:10:3–6 വരെയുള്ള വാക്യങ്ങളിൽ ദൈവത്തിന്റെ സൈന്യത്തിന്റെ പ്രത്യേകതകൾ ചൂണ്ടികാണിക്കുന്നു. ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ. അവയാൽ ഞങ്ങൾ സങ്കൽപ്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചു കളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിന്നായിട്ടു പിടിച്ചടക്കി, നിങ്ങളുടെ അനുസരണം തികെഞ്ഞു വരുമ്പോൾ എല്ലാ അനുസരണക്കേടിനും പ്രതികാരം ചെയ്‌വാൻ ഒരുങ്ങിയുമിരിക്കുന്നു. ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ സൈന്യത്തിന്റെ ചില പ്രത്യേകതകൾ നമുക്ക് ചിന്തിക്കാം.

**1. ജീവൻ എടുക്കുന്നില്ല, ജീവൻ നൽകുന്നു:** ദൈവത്തിന്റെ സൈന്യം യുദ്ധം ചെയ്യുന്നത് ജീവൻ എടുക്കാനല്ല, പകരം ജീവൻ നൽകുവാനാണ്. റോമ:6:22ൽ നാം വായിക്കുന്നു, പാപത്തിന്റെ ശമ്പളം മരണം ആകുന്നു എന്ന്. ദൈവത്തിന്റെ സൈന്യം പാപത്തിൽ മരിച്ച ഒരു വ്യക്തിക്ക് ആത്മീയമായ ജീവൻ സുവിശേഷത്തിലൂടെ നൽകുന്നു. യേശുക്രിസ്തു ലോകത്തിലേക്ക് വന്നത് പാപത്തിൽ മരിച്ച വ്യക്തിക്ക് ജീവൻ നൽകുവാനാണ്. യേശുവിന്റെ ആ രക്ഷണ്യപ്രവർത്തനം തന്റെ രണ്ടാമത്തെ വരവുവരെ തുടർന്നു കൊണ്ടേയിരിക്കും. അതിനായി ദൈവം തന്റെ സൈന്യത്തെ ഉപയോഗിക്കുന്നു. ദൈവത്തിന്റെ സൈന്യം യുദ്ധം ചെയ്യുന്നത് വീണ്ടും ജനനത്തിന്റെ അനുഭവത്തിലൂടെ ജീവൻ നൽകാനാണ്.

**2. കീഴടക്കുകയല്ല, മോചിപ്പിക്കുന്നു:** ദൈവത്തിന്റെ സൈന്യം യുദ്ധത്തിൽ ദേശത്തെ കീഴടക്കുകയല്ല, പകരം അന്ധകാര ശക്തികളിൽ നിന്നും ദേശത്തെ മോചിപ്പിക്കുകയാണ്. ഫറവോന്റെ അടിമത്വത്തിൽ നിന്നും മോശെ യിസ്രായേൽ മക്കളെ മോചിപ്പിച്ചത് എങ്ങനെയെന്ന് നമുക്കറിയാം. മോശെയുടെ കൈയിൽ വാളോ മറ്റ് യുദ്ധോപകരണങ്ങളോ ഇല്ലായിരുന്നു. മോശെ ഫറവോന്റെ അടിത്വത്തിൽ നിന്നും വിടുവിച്ചത് ദൈവത്തിന്റെ വചനത്താലാണ്. അതേ വചനത്താൽ ദൈവത്തിന്റെ സൈന്യം ഇന്നും അന്ധകാരത്തിൽ കഴിയുന്ന അനേകം ദേശങ്ങളെ മോചിപ്പിക്കുന്നു.

**3. കോട്ടകളെ തകർക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു:** ദൈവത്തിന്റെ സൈന്യത്തിന് വിജയം നിശ്ചയമാണ്. കാരണം സൈന്യത്തിന്റെ നായകൻ യേശുവാണ്. ശത്രുവിന്റെ കോട്ടകളെ തകർക്കുന്നതിൽ മാത്രമായിരിക്കും അവരുടെ

ശ്രദ്ധ. യോശുവയും കൂട്ടരും യെരിഹോ മതിലുകളെ തകർക്കുന്നത് നമുക്കറിയാം. അവരുടെ ലക്ഷ്യം ഉയർന്നു നിൽക്കുന്ന യെരിഹോ മതിലുകളായിരുന്നു. ദൈവത്തിന്റെ സൈന്യം ഒന്നിച്ചു നിന്ന് ആർപ്പിട്ടു. അത് വിജയത്തിന്റെ ആർപ്പായിരുന്നു.

**4, ആത്മീയമായ ആയുധങ്ങൾ ഉപയോഗിക്കുന്നു:** ദൈവത്തിന്റെ സൈന്യത്തിന്റെ ആയുധം ആത്മീയമാണ്. അപ്പോസ്തോലനായ പൗലോസ് എഫെ:6:11ൽ ഇപ്രകാരം പറയുന്നു, പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു കൊൾവിൻ. ദാവീദിന് മല്ലനായ ഗോല്യാത്തിനെ തകർക്കുന്നതിന് വാൾ ആവശ്യമില്ലായിരുന്നു. സൈന്യത്തിന്റെ നായകൻ അവനോടു കൂടെയുണ്ടായിരുന്നു. യേശുകർത്താവ് പിശാചിന്റെ പരീക്ഷണങ്ങളോട് എതിർത്തത് ദൈവചനത്താലാണ്. ദൈവത്തിന്റെ സൈന്യത്തിന്റെ ആയുധം ദൈവത്തിന്റെ വചനമാണ്. ഈ വചനം ഇരുവായ്ത്തലയുള്ള വാളാണെന്ന് എബ്രായ ലേഖനകർത്താവ് രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ വചനമാകുന്ന വാൾ ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തുന്നു.

**5. പരിശീലനം ആത്മീയമായിരിക്കും:** ദൈവത്തിന്റെ സൈന്യത്തിന് പരിശീലനം ആവശ്യമാണ്. പരിശീലനം ആത്മീയമായിരിക്കും .ദൈവത്തിന്റെ സൈന്യം ദൈവവചനം നിർദ്ദേശിക്കുന്ന എല്ലാകാര്യങ്ങളും അനുസരിക്കാൻ ബാധ്യസ്ഥരാണ്. അ. പൗലോസ് തിമൊഥിയോസിനെ സഭാശുശ്രൂഷയ്ക്കായി തന്റെ ലേഖനങ്ങളിൽക്കൂടി ഒരുക്കിയെടുക്കുന്നതായി നമുക്ക് കാണാനായി സാധിക്കും. ദൈവവചനത്തിലൂടെ ദൈവത്തിന്റെ സൈന്യത്തെ ആത്മീയ യുദ്ധത്തിനായി പരിശീലിപ്പിക്കും. പരിശീലനം പൂർത്തിയാക്കിയ ഒരു വ്യക്തിക്ക് ദൈവത്തിന്റെ സൈന്യത്തിലെ അംഗമാകാൻ സാധിക്കും.

ഈ ലോകജീവിതത്തിൽ 2 തരത്തിലുള്ള യുദ്ധങ്ങൾ നടക്കുന്നുണ്ട്. ലോകയുദ്ധവും ആത്മീയ യുദ്ധവും. ലോകസൈന്യം ശത്രുവിനെ സംഹരിച്ച് സൈന്യത്തിന്റെ വിജയക്കൊടി പാറിക്കും. എന്നാൽ ആത്മീയ യുദ്ധത്തിൽ ദൈവത്തിന്റെ സൈന്യം ശത്രുവിനെ മിത്രമാക്കി നിത്യജീവന്റെ അവകാശിയാക്കി സ്നേഹത്തിന്റെ കൊടി പാറിക്കും. ആയതിനാൽ ഈ യുദ്ധഭൂമിയിൽ ദൈവത്തിന്റെ സൈന്യമായി നിൽക്കുവാൻ സൈന്യത്തിന്റെ നായകനായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ!

## വിശ്വവാണി പ്രാർത്ഥനാമാസം-ജൂലൈ 2024

ഭാരതത്തിനായും, ഭാരത ഗ്രാമങ്ങൾക്കായും, ഭാരതസുവിശേഷീകരണത്തിനായും, നമ്മുടെ യുവതലമുറകൾക്കായും, മറ്റ് ഇതര വിഷയങ്ങൾക്കായും പ്രാർത്ഥിക്കുന്നതിനായി വിശ്വവാണി ജൂലൈ മാസം പ്രാർത്ഥനാ മാസമായി ക്രമീകരിച്ചിരിക്കുന്നു. പുലർച്ചെ 4 മണി മുതൽ രാത്രി 10 മണി വരെ തുടർമാനമായി പ്രാർത്ഥിക്കുവാൻ ആണ് തീരുമാനിച്ചിരിക്കുന്നത്. കേരളത്തിലെ ദൈവജനത്തിനായി വേർതിരിച്ചിരിക്കുന്ന പ്രാർത്ഥനാ സമയം രാത്രി 9 മുതൽ 10 മണിവരെയാണ്. ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ താല്പര്യമുള്ള ദൈവമക്കൾ പ്രാർത്ഥനയ്ക്കായി ഞങ്ങളോടൊപ്പം സമയം വേർതിരിച്ചാലും. അതതു ദിവസത്തേക്ക് ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനാ വിഷയങ്ങൾ ആവശ്യമെങ്കിൽ അയച്ചു തരുന്നതായിരിക്കും. പ്രാർത്ഥനാ വിഷയങ്ങൾക്കായി ചുവടെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ടാലും. ഈ 31 ദിനങ്ങളിലെ പ്രാർത്ഥന നമുക്കേവർക്കും ഏറ്റവും അനുഗ്രഹമാകട്ടെ!

**ഫോൺ -9446351358, 0469 2633165**

**യേശുക്രിസ്തുവിന്റെ സുവിശേഷത്തിലേക്ക് ഹൃദയം തിരിയുകയും വാതിലുകൾ തുറക്കുകയും ചെയ്യുന്നു.**
**വയലിലെ വിശ്വാസികളുടെ എണ്ണവും കൈത്താങ്ങൽ നൽകുന്നവരുടെ എണ്ണവും വർദ്ധിക്കുന്നു! കൊയ്ത്തിന്റെ യജമാനന് സ്തോത്രം**

## മിഷനറിമാർ 1 ലക്ഷം ഗ്രാമങ്ങളിൽ എത്തുകയും ദൈവരാജ്യത്തിന്റെ സുവിശേഷം പങ്കുവെയ്ക്കുകയും ചെയ്യുന്നതുവരെ ദൈവമക്കൾ ഒരുമിച്ചു കൂടട്ടെ!



01 Satnami Youth Camp, Tilai, Chhattisgarh – 15-17, May 2024


02 Kurukh Believers Mela, Dangbuda, Chhattisgarh – 17-18, May 2024


03 West Tamilnadu State Meet 2024, Coimbatore – 18-19, May 2024


04 Telangana State Meet 2024, Tiruvalla – 20-22, May 2024


06 Jharkhand – Chhattisgarh State Meet 2024, Siliguri – 23-25, May 2024



07 Ezra Camp, Balangir, Odisha – 29.05.2024

സ്റ്റേറ്റ് മീറ്റിംഗുകൾ, വിവിധ ജനവിഭാഗങ്ങളുടെ കൺവെൻഷനുകൾ, എസ്രാ ക്യാംപുകൾ, യുവാക്കളുടെ പരിശീലന ക്ലാസ്സുകൾ എന്നീ കൂടിവരവുകളിൽ ശുശ്രൂഷയുടെ ദർശനവുമായി ബന്ധപ്പെട്ട വിത്തുകൾ വിതയ്ക്കുന്നു!

**ഈ വിത്തുകൾ 30, 60, 100 മേനിയായി ഫലം നൽകട്ടെ.**


05 Andhra Pradesh State Meet 2024, Tiruvalla – 23-25, May 2024


08 Oraon Believers Mela, Nawatoli, Jharkhand – 05-07 June 2024

> “ വളരുമാറാക്കുന്നവൻ
> **ദൈവമാണ്** ”
> (1 കൊരി:3:7)

# ചെയർമാന്റെ കത്ത്.....

കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

2024 മെയ്മാസം 26 ഞായറാഴ്ച ഹിമാലയത്തിലെ കലിംപോംഗ് പ്രസ്ബിറ്റീരിയൻ ചർച്ചിലെ പ്രഭാത ആരാധനയിലും, അന്നേദിവസം ഉച്ചയ്ക്ക് ഹിമാലയൻ ഫ്രീ ചർച്ചിലെ ആരാധനയിലും ദൈവവചനം പങ്കുവെയ്ക്കുന്നതിന് ദൈവം എന്നെ സഹായിച്ചു. 14-02-24ന് ഒരു ജില്ലയായി മാറിയ കലിംപോംഗിൽ ഇരുനൂറിലധികം ആരാധനാലയങ്ങൾ ഉണ്ടെന്നറിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. നിലവിൽ ഇവിടെ



നമുക്ക് വയൽ ശുശ്രൂഷ ഇല്ല, എന്നാൽ 2 പ്രൊമോഷണൽ പ്രവർത്തകർ ഉണ്ട്. അവിടെയുള്ള വിശ്വാസികൾ വഞ്ചിക സമാഹരണത്തിലൂടെ നമ്മുടെ ശുശ്രൂഷയെ സഹായിക്കുന്നു. ആരാധനാ മദ്ധ്യേ വിശ്വവാണി ശുശ്രൂഷയെ പരിചയപ്പെടുത്തുന്നതിനും കുറച്ചു വഞ്ചികകൾ വിതരണം ചെയ്യുന്നതിനും ഇടയായി. ഞാൻ മല നിരകളിലൂടെ സഞ്ചരിച്ചപ്പോൾ 34 വർഷങ്ങൾക്കു മുമ്പ് നടന്ന കാര്യങ്ങൾ ഞാൻ ഓർമ്മിച്ചു.

ഇന്ത്യയിലും അയൽ രാജ്യങ്ങളിലും സംസാരിക്കുന്ന ഭാഷകളിൽ റേഡിയോയിലൂടെ സുവിശേഷം പങ്കുവെയ്ക്കാൻ എമിൽ അണ്ണൻ വലിയ നടപടികൾ സ്വീകരിച്ചത് 1990 കളിലാണ്. ഞാൻ അന്ന് ഹൈദരബാദിൽ ആയിരുന്നു. ടിബറ്റൻ ഭാഷയിൽ സുവിശേഷം പങ്കുവെയ്ക്കാൻ കഴിയുന്ന ഒരു ടിബറ്റനെ കണ്ടെത്താൻ കലിംപോംഗിലേക്ക് പോകാൻ അണ്ണൻ എന്നോട് ആവശ്യപ്പെട്ടു. ഞാൻ ഹൈദരബാദിൽ നിന്ന് ഭുവനേശ്വറിലേക്ക് പോയി. അവിടെ നിന്ന് ഞാൻ സഹോ.മന്ന വിൽസണിന്റെ കൂടെ കൊൽക്കൊത്തയ്ക്കും അവിടെ നിന്നും ഞങ്ങൾ സിലിഗുഡിയിലേക്കും പോയി.

സിലിഗുഡിയിൽ ഇറങ്ങിയ ശേഷം കലിംപോംഗ് സിലിഗുഡിയിൽ നിന്നും 100 കി.മീ അകലെയുള്ള ഒരു നഗരമാണെന്ന് ഞാൻ മനസ്സിലാക്കി. ബസ് സ്റ്റാൻഡിൽ ആളുകൾ ഞങ്ങളെ വളരെ നിസ്സംഗതയോടെ നോക്കി, കാരണം അവിടെ ഒരാഴ്ച ബന്ത് ആയിരുന്നു. അതിനാൽ അവിടെ ഗതാഗതം നിരോധിച്ചിരുന്നു. ദൗത്യം പൂർത്തിയാക്കാതെ മടങ്ങി വന്നാൽ എന്തുചെയ്യണമെന്ന് ഞങ്ങൾക്ക് അറിയില്ലായിരുന്നു. ഈ വിവരം എമിൽ അണ്ണനെ അറിയിക്കാൻ ആ സമയത്ത് ഞങ്ങളുടെ കൈവശം ഫോണില്ലായിരുന്നു. കലിംപോംഗിലേക്ക് പോകുന്ന ഒരു ജീപ്പു കണ്ടു. വളരെ തിരക്കുണ്ടായിരുന്നിട്ടും ഞങ്ങൾ അതിൽ കയറി ഇരുന്നു. താഴ്വരകളിലൂടെ ഒഴുകുന്ന ടീസ്റ്റ നദി കണ്ടപ്പോൾ ഞങ്ങളുടെ തല കറങ്ങാൻ തുടങ്ങി. 5 മണിക്കൂറിലധികം മലനിരകളിലൂടെയുള്ള യാത്ര ആയിരുന്നു അത്. ഞങ്ങൾ കലിംപോംഗിൽ എത്തിയപ്പോൾ, കൂടെ യാത്ര ചെയ്തവർ ജീപ്പിൽ നിന്നിറങ്ങി പെട്ടെന്ന് അപ്രത്യക്ഷരായി, അവിടെ ആളുകളോ കടകളോ ഇല്ലായിരുന്നു. ഞങ്ങൾക്ക് വിശപ്പുണ്ടായിരുന്നു, പൈപ്പിലെ വെള്ളമല്ലാതെ വേറൊന്നും അവിടെയില്ലായിരുന്നു. എന്നാൽ ഞങ്ങൾക്ക് വഴി പറഞ്ഞു തരാൻ ആരുമുണ്ടായിരുന്നില്ല. വിജനമായ വഴിയിലൂടെ തണുത്ത കാലാവസ്ഥയിൽ ഞങ്ങൾക്ക് നടക്കേണ്ടി വന്നു.

സിലിഗുഡിയുടെ താഴ്വരയിൽ ആയിരുന്നു ഞങ്ങൾ എങ്കിൽ മടങ്ങിപ്പോകുമായിരുന്നു. എന്നാൽ ഇപ്പോൾ അതിനും കഴിയില്ല! സഹോ.മന്ന എന്നോടൊപ്പം ഉണ്ടായിരുന്നതിനാൽ ഞാൻ സന്തോഷവാനായിരുന്നു. നേരം വൈകാറായപ്പോൾ ഒരു പട്ടാളക്കാരനെ കണ്ടുമുട്ടുവാനിടയായി. ഈ കാലാവസ്ഥയിൽ ഞങ്ങൾ എന്തിനാണ് അവിടെ എത്തിയതെന്നും എവിടെ പോകണമെന്നും അദ്ദേഹം ഞങ്ങളോടു ചോദിച്ചു.

അദ്ദേഹം വെല്ലൂരിൽ നിന്നുള്ള ഒരു തമിഴൻ ആയിരുന്നു. ഞങ്ങൾക്കു പോകേണ്ട സ്ഥലത്തേക്ക് ഇപ്പോൾ പട്ടാളലോറി പോകുമെന്നും ഞങ്ങളെ അവിടെ ഇറക്കാമെന്നും പറഞ്ഞു. അങ്ങനെ ലക്ഷ്യസ്ഥാനത്ത് എത്താൻ ഞങ്ങളെ അദ്ദേഹം സഹായിച്ചു.

ഞങ്ങൾ ആശ്വാസത്തോടെ ആ സ്ഥലത്ത് ഇറങ്ങി മേൽവിലാസം അനുസരിച്ചുള്ള വീടിന്റെ കതകിൽ മുട്ടി. കലാപ സമയമായതിനാൽ വാതിൽ തുറന്നില്ല. പോകാൻ വേറെ വഴിയൊന്നുമില്ലാതിരുന്നതിനാൽ ഞങ്ങൾ അവിടെത്തന്നെ നിന്നു. ഒടുവിൽ ഒരാൾ വന്ന് വാതിൽ അല്പമായി തുറന്നു. തുടർന്ന് അദ്ദേഹം ഞങ്ങളെ അകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. അദ്ദേഹം റവ.പീറ്റർ റബ്ഗെ ആയിരുന്നു. ടിബറ്റൻ ഭാഷയിൽ ബൈബിൾ വിവർത്തനം ചെയ്യുന്ന ദൈവപുരുഷനായിരുന്നു അദ്ദേഹം. ടിബറ്റൻ ഭാഷയിൽ സ്വന്തം കൈകൊണ്ട് ബൈബിൾ എഴുതുകയായിരുന്നു അദ്ദേഹം. അദ്ദേഹത്തെ കണ്ടുമുട്ടിയതിൽ എനിക്ക് വലിയ സന്തോഷമായിരുന്നു. വിശന്നിരുന്ന ഞങ്ങൾക്ക് ചൂടു ചായയും ന്യൂഡിൽസും തന്നു. അദ്ദേഹത്തിന്റെ വീടിനടുത്തുള്ള ഗസ്റ്റ് ഹൗസിൽ ഞങ്ങളെ താമസിപ്പിച്ചു. ഞങ്ങൾ പകൽ വളരെ കഷ്ടത്തിലായിരുന്നു എങ്കിലും രാത്രിയിൽ ഞങ്ങൾ ദൈവത്തെ സ്തുതിച്ചു.

പിറ്റേന്ന് രാവിലെ, വിശ്വവാണി റേഡിയോ പ്രോഗ്രാമിലൂടെ ടിബറ്റൻ ഭാഷയിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിനെക്കുറിച്ച് ഞങ്ങൾ റവ.പീറ്ററുമായി പങ്കുവെച്ചു. അത് തന്റെ ആഗ്രഹവും താല്പര്യവുമാണെന്നും മറ്റൊരു ദൈവദാസനെ ഞങ്ങൾക്കു പരിചയപ്പെടുത്തിത്തരാമെന്നും ഞങ്ങളോടു പറഞ്ഞു. അടുത്ത ദിവസം കയറ്റമിറക്കമുള്ളതും നടക്കുവാൻ വളരെ ബുദ്ധിമുട്ടുള്ളതുമായ ഒരു പാതയിലൂടെ അദ്ദേഹം ഞങ്ങളെ മലയുടെ മുകളിലുള്ള ഒരു സ്ഥലത്തെത്തിച്ചു. ഈ പാതയിലൂടെയുള്ള അദ്ദേഹത്തിന്റെ ചുറുചുറുക്കുള്ള നടപ്പ് കണ്ട് ഞങ്ങൾ അമ്പരന്നുപോയി. ഇത് വേഗത്തിൽ നടക്കാൻ ഞങ്ങളെയും പ്രേരിപ്പിച്ചു.

അന്ന് ആശയവിനിമയത്തിന് സൗകര്യങ്ങളില്ലാത്തതിനാൽ ഞങ്ങൾ അവരെ സന്ദർശിക്കുമെന്ന് മുൻകൂട്ടി അറിയിക്കാൻ ഞങ്ങൾക്ക് സാധിച്ചില്ല. അങ്ങനെ റവ.പീറ്റർ ഞങ്ങളെ മലയുടെ മറുവശത്തെ താഴ് വരയിലുള്ള ഒരു വീട്ടിലേക്കു കൊണ്ടുപോയി. ആ വീട്ടിൽ ധാരാളം കുട്ടികൾ താമസിക്കുന്നുണ്ടായിരുന്നു. ആ വീട്ടിൽവെച്ച് റവ. തെക്കച്ചൻ എന്ന ദൈവദാസനെ ഞങ്ങൾ പരിചയപ്പെടുകയും റേഡിയോയിലൂടെയുള്ള സുവിശേഷ ഘോഷണത്തിന് ഒരാളെ ആവശ്യം ഉണ്ടെന്ന് അറിയിക്കുകയും ചെയ്തു. അദ്ദേഹം ആ ക്ഷണം വളരെ സന്തോഷത്തോടെ സ്വീകരിച്ചു. ഹിമാലയത്തിൽ സാധു സുന്ദർസിംഗിനൊപ്പം തന്റെ പിതാവ് ജോലി ചെയ്തിരുന്ന കാര്യം അദ്ദേഹം ഞങ്ങളുമായി പങ്കുവെച്ചു. ശരിയായ ഒരു വ്യക്തിയിലേക്ക് ഞങ്ങളെ നയിച്ച ദൈവത്തിനു ഞങ്ങൾ നന്ദി കരേറ്റി. എമിൽ അണ്ണനുമായി ഈ സന്തോഷവാർത്ത പങ്കിടുവാൻ ഞങ്ങൾ ആഗ്രഹിച്ചു. സിലിഗുഡിയിൽ നിന്നു മാത്രമെ ഞങ്ങൾക്ക് ട്രങ്ക് കോൾ ബുക്ക് ചെയ്ത് വിളിക്കാൻ കഴിയൂ.

റവ.പീറ്ററിനോടു നന്ദി പറഞ്ഞ്, സിലിഗുഡിയിലേക്കുള്ള മടക്കയാത്ര ആരംഭിക്കാനൊരുങ്ങുമ്പോഴാണ് മണ്ണിടിച്ചിലിൽ റോഡ് അടച്ചിരിക്കുന്നു എന്ന് കേൾക്കാനിടയായത്. മണ്ണിടിച്ചിൽ ഹിമാലയത്തിൽ സാധാരണമായിരുന്നു. സിലിഗുഡിയിൽ എത്താൻ വേറെ വഴിയില്ലാത്തതിനാൽ ഞങ്ങൾ അവിടെ കുറച്ചു ദിവസം താമസിച്ചു. പർവ്വതങ്ങളും, താഴ്‌വരകളും, നദികളും, മനോഹരങ്ങളായ പൂക്കൾ നിറഞ്ഞ ചെറിയ ചെറിയ വീടുകളും കണ്ട് ഞങ്ങൾ സന്തോഷിച്ചു. എന്നാൽ ഞങ്ങളുടെ ദൗത്യം നിറവേറാൻ സർവ്വശക്തൻ ഞങ്ങളെ സഹായിച്ചു.

അടുത്ത ലക്കത്തിൽ, ദൈവം ഞങ്ങൾക്കു മുമ്പേ പോയി ഞങ്ങളെ നയിച്ച ശുശ്രൂഷയുടെ അനുഭവങ്ങൾ ഞാൻ എഴുതാം!

**ഹൈദരബാദ്** — **കർത്തൃശുശ്രൂഷയിൽ**

**12-06-24** — **സഹോ.പി.സെൽവരാജ്**

# ദൈവമക്കളുടെ പദവി

# ദൈവത്തിന്റെ സൈന്യത്തിന്റെ ഉത്തരവാദിത്തം!

- Rev. Dr. S. Emmanuel Gnanaraj, Director – Prayer Network

കർത്താവിൽ പ്രിയരേ,

വളരെ വിലപ്പെട്ടതും ലളിതവുമായ എമിൽ അണ്ണന്റെ ഒരു പാട്ട് ചുവടെ ചേർക്കുന്നു:

ഞാൻ യേശുവിനെ സ്വീകരിക്കും

ലോകമല്ല മനുഷ്യരല്ല

ഞാൻ യേശുവിനെ സ്വീകരിക്കും

എന്റെ സന്തോഷം ഞാൻ എങ്ങനെ പ്രകടിപ്പിക്കും

ഞാൻ യേശുവിനെ അനുഗമിക്കും...

ഞാൻ യേശുവിനെക്കുറിച്ച് പങ്കുവെയ്ക്കും

അതെ, യേശുവിനെ അംഗീകരിക്കുകയും പിന്തുടരുകയും പ്രഘോഷിക്കുകയും ചെയ്യുമ്പോൾ നമുക്കുണ്ടാകുന്ന സന്തോഷം വിവരിക്കാമോ? നാം യേശുവിനെ സ്വീകരിക്കുമ്പോൾ പാപമോചനത്തിന്റെയും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും അവകാശം നമുക്ക് ലഭിക്കുകയും എല്ലാറ്റിനുമുപരിയായി നാം സ്വർഗ്ഗത്തിലെ പൗരന്മാരായിത്തീരുകയും ചെയ്യും. ആ അവകാശത്തിന്റെയും പൗരത്വത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് അറിയുന്നത് നല്ലതാണ്. മാത്രവുമല്ല, യേശുവിനെക്കുറിച്ച് പ്രഘോഷിക്കുമ്പോൾ നാം അതിയായി സന്തോഷിക്കുന്നു, കാരണം ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗത്തിൽ വലിയ സന്തോഷമുണ്ട്.

സുവിശേഷം സ്വീകരിക്കുന്ന ഒരു വ്യക്തി ദൈവപൈതലായിത്തീരുന്നു. ഈ സുവിശേഷം ഘോഷിക്കുന്ന വ്യക്തി ദൈവത്തിന്റെ സൈന്യത്തിലെ ഒരു ഭടൻ ആയിത്തീരുന്നു. നമുക്ക് അതിനെക്കുറിച്ച് ധ്യാനിക്കാൻ കഴിയുമോ?

**1. താങ്കൾ ഒരു ദൈവപൈതലാണോ?**

ജന്മാവകാശം: പണ്ഡിതനായ ബാലഗംഗാതരതിലക് 1890 ൽ സ്വരാജ് എന്ന വാക്ക് ഉച്ചരിച്ചു. ഇത് ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിന്റെ മുദ്രാവാക്യമായി മാറി. ഈ വാക്ക് എവിടെയാണ് ഉരുത്തിരിഞ്ഞത് എന്നറിയാമോ? ജന്മവാകാശം, പൗരത്വം എന്നീ വാക്കുകളിൽ നിന്നാണ്. അമേരിക്കയിലെ നിയമം അനുസരിച്ച്, അവരുടെ രാജ്യത്ത് ജനിക്കുന്ന എല്ലാവർക്കും ജന്മാവകാശമായി പൗരത്വം നൽകപ്പെടുന്നു. എന്നാൽ ഇന്ത്യയിലെ നിയമത്തിൽ വിദേശപൗരന്മാർക്ക് ചില മാറ്റങ്ങളുണ്ട്. ഒരു കുട്ടിയുടെ അച്ഛനും അമ്മയും ഇന്ത്യക്കാരാണെങ്കിൽ, അതിന്റെ പൗരത്വം സമ്പൂർണ്ണ ജന്മാവകാശമാണ്.

സംസാരിക്കാനുള്ള സ്വാതന്ത്ര്യവും ആയുധങ്ങളില്ലാതെ സമാധാനത്തോടെ ഒത്തുകൂടാനുള്ള അവകാശവും അസ്സോസിയേഷനുകളും ഫെഡറേഷനുകളും രൂപീകരിക്കുവാനുമുള്ള അവകാശവുമാണ് പൗരത്വം. അത് ഇന്ത്യയുടെ ഏതുഭാഗത്തും ജീവിക്കുന്നതിനുള്ള അവകാശവും തരുന്നു, ഈ ഭേദഗതി 1195 ഡിസംബർ 30ന് റൂൾ 57 /1955 ആയി പാസ്സാക്കി. ഇന്ത്യൻ പൗരന്മാർക്ക് വിദേശ രാജ്യങ്ങളിൽ ലഭിക്കുന്ന സ്വാതന്ത്യം പാസ്പോർട്ടിന്റെ ആദ്യ പേജിൽ കാണാം, അതിപ്രകാരം പറയുന്നു, ഇത് റിപ്പബ്ലിക് ഓഫ് ഇന്ത്യയുടെ പ്രസിഡന്റിന്റെ പേരിൽ അഭ്യർത്ഥിക്കാനും ആവശ്യപ്പെടാനുമുള്ളതാണ്. വാഹകനെ അനുവാദമോ തടസ്സമോ കൂടാതെ സ്വതന്ത്രമായി കടന്നുപോകാൻ അനുവദിക്കുകയും അവന് അല്ലെങ്കിൽ അവൾക്ക് ആവശ്യമായ എല്ലാ സഹായവും സംരക്ഷണവും നൽകുന്നു. ഈ അവകാശവും സ്വാതന്ത്യവും അവന്റെ ജന്മാവകാശമായി നൽകപ്പെട്ടിരിക്കുന്നു എന്നറിയുന്നത് പ്രത്യേകമാണ്.

**സ്വർഗ്ഗീയ പൗരത്വം:**

ഈ ലോകത്തിൽ, സ്വാതന്ത്ര്യവും ജന്മാവകാശവും വരുന്നത് പൗരത്വത്തിലൂടെയാണ്. മരണാനന്തരം ദൈവരാജ്യമായ മറ്റൊരു ലോകത്തേക്ക് മനുഷ്യൻ പ്രവേശിക്കേണ്ടി വരുമ്പോൾ, മറ്റൊരു ജന്മത്തിലൂടെ അയാൾക്ക് അതിന്റെ പൗരത്വം ലഭിക്കുന്നു. അതെക്കുറിച്ച് യേശുക്രിസ്തു യഹൂദപ്രമാണിയായ നിക്കോദിമോസിനോട് വിവരിക്കുന്നത് യോഹ:3:1-21 വരെയുള്ള ഭാഗത്ത് കാണാൻ സാധിക്കും. യേശു അവനോടു, ആമേൻ, ആമേൻ ഞാൻ നിന്നോടു പറയന്നു; പുതിയതായി ജനിച്ചില്ലെങ്കിൽ ദൈവരാജ്യം ആർക്കും കഴിയുകയില്ല എന്നു ഉത്തരം പറഞ്ഞു. മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നത് എങ്ങനെ? നിക്കോദെമോസ് ചോദിച്ചു. തീർച്ചയായും അവർക്ക് രണ്ടാമതും അമ്മയുടെ ഉദരത്തിൽ ജനിക്കാൻ കഴിയുകയില്ല. ഒരു മനുഷ്യൻ ശാരീരികമായി മാത്രം ജനിച്ചാൽ പോരാ ആത്മീകമായി ജനിക്കണം എന്ന് യേശുക്രിസ്തു 5 ഉം 6 ഉം വാക്യങ്ങളിൽ വിശദീകരിക്കുന്നു. അവന്റെ അകത്തെ മനുഷ്യൻ വീണ്ടും ജനിക്കണം.

ലോകത്തിന്റെ മുഴുവൻ പാപങ്ങൾക്കുവേണ്ടി കുരുശിൽ ബലിയർപ്പിക്കപ്പെട്ട ദൈവപുത്രനെ നാം വിശ്വസിക്കുമ്പോൾ നമുക്ക് ആത്മാവിൽ വീണ്ടും ജനിക്കാമെന്ന് യേശു മറുപടി നൽകി(യോഹ:3:16). ഇതെക്കുറിച്ച് കൂടുതൽ അറിയുന്നതിന് യോഹ:1:12 വായിയ്ക്കണം. അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. ഇത് നാം വീണ്ടും ജനിക്കുമ്പോൾ നമുക്ക് ലഭിക്കുന്ന സ്വർഗ്ഗീയ പാസ്പോർട്ട് അഥവാ സ്വർഗ്ഗീയ പൗരത്വം ആകുന്നു. ഇത് പ്രാപിക്കുന്നവർക്ക് മരണം, ശിക്ഷ, നരകം എന്നിവയെക്കുറിച്ചുള്ള ഭയമില്ല. കാരണം യേശുക്രിസ്തുവിനെ സ്വീകരിക്കുന്നവന് നിത്യജീവനുണ്ട്. യേശു യോഹ:5:24 ൽ പറഞ്ഞു, ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു. ദൈവത്തിന്റെ പൈതൽ എന്ന പൗരത്വം നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ? അതിന്റെ സന്തോഷം നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ?

**2. താങ്കൾ ദൈവത്തിന്റെ ഭടനാണോ?**

ഓരോ ദൈവപൈതലിനും രണ്ടു വശങ്ങളുണ്ട്. ഒന്ന് അവകാശവും മറ്റേത് ഉത്തരവാദിത്വമാണ്. ഓരോ ദൈവമക്കൾക്കും ദൈവത്തിന്റെ പൈതലാകാൻ അവകാശമുണ്ട്, അതോടൊപ്പം ഉത്തരവാദിത്തവുമുണ്ട്. അത് എന്താകുന്നു? മത്താ:21:28-30 വേദഭാഗങ്ങൾ വായിക്കുക. ഒരു മനുഷ്യന് 2 പുത്രന്മാർ ഉണ്ടായിരുന്നു. പിതാവ് ഒന്നാമത്തവനോടു പറഞ്ഞു, മകനേ ഇന്നു എന്റെ മുന്തിരിത്തോട്ടത്തിൽ പോയി വേല ചെയ്ക. മുന്നോട്ടു വന്നു പ്രവർത്തിക്കേണ്ടത് മകന്റെ കടമയാണ്. യേശുക്രിസ്തുവിന്റെ കല്പന, നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പീൻ(മർക്കോ:16:15) എന്നാണ്. ദൈവരാജ്യം പണിയുന്നത് ഒരു ദൈവപൈതലായിരിക്കുന്ന നമ്മുടെ ഉത്തരവാദിത്തമാണത്. സുവിശേഷഘോഷണം തന്റെ ഉത്തരവാദിത്തം ആണെന്നും സുവിശേഷം ഘോഷിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം(1കൊരി:9:16) എന്നും പൗലോസ് പറയുന്നു. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവീൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.

ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പീൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും(മത്താ:11:28,29).

നമ്മുടെ പാപങ്ങൾ യേശുവിന്റെ പാദത്തിൽ വെയ്ക്കുമ്പോൾ ആശ്വാസമുണ്ട്. സുവി

ശേഷം പങ്കുവെയ്ക്കാനുള്ള ഉത്തരവാദിത്തം നാം ഏറ്റെടുക്കുമ്പോൾ, നാം നിത്യതയ്ക്കായി ജീവിച്ചതിന്റെ സമാധാനവും സന്തോഷവും നമുക്കുണ്ടാകും. അങ്ങനെ തന്നേ മാനസാന്തരം കൊണ്ടു ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കുറിച്ചുള്ളതിനേക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു(ലൂക്കോ:15:7). സുവിശേഷം പ്രഘോഷിക്കുന്നത് സ്വർഗ്ഗത്തിൽ വലിയ സന്തോഷം നൽകുന്നുവെങ്കിൽ, അതിൽ പങ്കാളികളാകുന്ന നിങ്ങൾക്ക് എത്രമാത്രം സന്തോഷം ഉണ്ടാകും!

ദൈവം നൽകുന്ന അനുഗ്രഹങ്ങൾ അനുഭവിക്കുക മാത്രമല്ല, സാത്താനെതിരെ പോരാടുക എന്നതും ദൈവമക്കളെന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്തമല്ലേ! ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി(2 കൊരി:4:4). അങ്ങനെയുള്ളവരെ അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്കും സാത്താന്റെ ശക്തിയിൽ നിന്നും ദൈവത്തിലേക്കും കൊണ്ടുവരേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്(അ.പ്ര:26:18). നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു(1പത്രോ:5:8). നാം പിശാചിനെ എതിർക്കാനുള്ള ധൈര്യം കാണിക്കണം.

നമുക്കു ചുറ്റും അന്ധകാരത്തിൽ കഴിയുന്ന ആളുകളുണ്ട്. ഇടങ്കൈയും വലങ്കൈയും തമ്മിൽ തിരിച്ചറിയാത്ത അവർ പാപത്തിൽ ജീവിക്കുന്നു. അവർക്ക് വിശുദ്ധജീവിതം നയിക്കാനുള്ള വഴികാണിച്ചു കൊടുക്കേണ്ടതും അവരോട് പാപമോചനത്തിന്റെ സുവിശേഷം ഘോഷിക്കേണ്ടതും നമ്മുടെ ഉത്തരവാദിത്തമല്ലേ? അതിനാൽ സാത്താനെതിരെ നില്ക്കേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം നാം എടുത്തുകൊള്ളേണ്ടതാണ്(എഫെ 6:14). ദൈവത്തിന്റെ പോരാളിയാണെന്ന തോന്നൽ നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ? ആ സന്തോഷം നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ?


## ഇതു യഹോവയാൽ സംഭവിച്ചു

വയലിലെ വിശ്വാസികൾക്ക് ഒരു ആരാധനാലയം നിർമ്മിച്ചു നൽകണമെന്ന് ദൈവം ഞങ്ങളുടെ ഹൃദയത്തിൽ ഒരു ആഗ്രഹം നൽകി. ആ ആഗ്രഹം ദൈവം തന്നെ നിവർത്തിക്കുകയും ചെയ്തു. അങ്ങനെ ഛത്തീസ്ഗഡിലെ കോർബ ജില്ലയിലെ പട്ടാടി വയലിലെ സത്നാമി വിഭാഗക്കാരായ വിശ്വാസികൾക്ക് ഒരു ആരാധനാലയം പണികഴിപ്പിക്കുവാനും 2024




മാർച്ച് മാസം 10-ാം തീയതി ദൈവനാമ മഹത്വത്തിനായി സമർപ്പിക്കുവാനും സാധിച്ചു. "ഇതു യഹോവയാൽ സംഭവിച്ചു; നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവുമാകുന്നു"(സങ്കീ:118:23). കർത്താവ് ഞങ്ങളിലൂടെ വയലിൽ ഉയർത്തിയ 5-ാമത്തെ ആരാധനാലയത്തിന് ഞങ്ങൾ സാക്ഷ്യം വഹിച്ചപ്പോൾ, ഞങ്ങൾ കർത്താവിൽ സന്തോഷിക്കുകയും അവന്റെ നാമത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

**- സഹോ.സാംസൺ രവിചന്ദ്രനും കുടുംബവും, ചെന്നൈ**




**യഹോവ ജീവിക്കുന്നു; എന്റെ പാറ വാഴ്ത്തപ്പെട്ടവൻ;**
**എന്റെ രക്ഷയുടെ ദൈവം ഉന്നതൻ(സങ്കീ: 18:46)**

**01. ജമ്മുകാശ്മീർ, ശുശ്രൂഷ നടക്കുന്ന വയലുകൾ: 40**

**സ്തോത്രത്തിന്:** ശുശ്രൂഷയെ എതിർത്തിരുന്ന സഹോ.കലാറാം രക്ഷിക്കപ്പെട്ടതിനായി... 5 പേർ തങ്ങളുടെ വിശ്വാസം ഏറ്റുപറഞ്ഞതിനായി...സുവിശേഷത്തിലൂടെ ഭുദ്വാനി ഗ്രാമത്തിലെ 4 കുടുംബങ്ങൾക്ക് പുതിയ ജീവിതം ലഭിച്ചതിനായി... സഹോ. റാമ്പാൽ വിശ്വാസത്തിലേക്ക് വന്നതിലൂടെ ചദർകോട്ട് ഗ്രാമത്തിൽ ശുശ്രൂഷയ്ക്ക് പുതിയ ബന്ധങ്ങൾ ലഭിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** നമ്മുടെ മിഷനറി സഹോ.മോഹൻലാലിന്റെ സഹധർമ്മിണി ഒരു റോഡപകടത്തെത്തുടർന്ന് തലയ്ക്ക് പരുക്ക് പറ്റി ചികത്സയിലായിരിക്കുന്നു; സഹോദരിയുടെ സൗഖ്യത്തിനായി.... അപ്പർ ലാലി ഗ്രാമത്തിലെ ആരാധനാ കൂടിവരവിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നവർക്കായി.... കാശ്മീരിൽ ശുശ്രൂഷയ്ക്കായി വയലുകൾ തുറക്കേണ്ടതിനായി.... പൂർണ്ണസമയ ശുശ്രൂഷയ്ക്കായി സമർപ്പിച്ച 8 യുവാക്കളുടെ പരിശീലനം ആരംഭിക്കേണ്ടതിനായി...

**02. ഹിമാചൽപ്രദേശ് ശുശ്രൂഷ നടക്കുന്ന വയലുകൾ: 42**

**സ്തോത്രത്തിന്:** ബംഗ്രാൻ വയലിലെ ആരാധനാലയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിച്ചതിനായി... അന്വേഷക കൂടിവരവുകൾ നടത്തിയ 150 ഗ്രാമങ്ങളിൽ ശുശ്രൂഷയ്ക്കായുള്ള വാതിൽ തുറന്നതിനായി... മിഷനറി സഹോ. അങ്കിത് കുമാറിന്റെകുടുംബജീവിതത്തിൽ ദൈവം ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചതിനായി...12 പേർ വിശ്വാസം ഏറ്റുപറഞ്ഞതിലൂടെ ദൈവനാമം മഹത്വപ്പെട്ടതിനായി...

**പ്രാർത്ഥനയ്ക്ക്:** ത്ധീന വയലിലെ ആരാധനാ കൂടിവരവിൽ പുതിയതായി സംബന്ധിക്കുന്ന 4 കുടുംബങ്ങൾ വിശ്വാസത്തിൽ ബലപ്പെടേണ്ടതിനായി. ശുശ്രൂഷ നടക്കുന്ന 223 ഗ്രാമങ്ങളിൽ പരിശുദ്ധാത്മാവ് ക്രിയ ചെയ്യേണ്ടതിനായി... ദോലെ മേഖലയിൽ നിലനിൽക്കുന്ന എതിർപ്പുകൾ മാറിപ്പോകേണ്ടതിനായി... വിശ്വാസപ്രഖ്യാപ

ന ശുശ്രൂഷയുടെ ഒരുക്ക ക്ലസ്സിൽ സംബന്ധിക്കുന്ന725 പേർക്കായി....

**03. പഞ്ചാബ്** **ശുശ്രൂഷ നടക്കുന്ന വയലുകൾ: 51**

**സ്തോത്രത്തിന്:** യൂത്ത് ക്യാംപിൽ സംബന്ധിച്ച 18 യുവാക്കൾ അവരുടെ ഭാവി കർത്താവിനായി സമർപ്പിച്ചതിനായി.... യേശുക്രിസ്തു തങ്ങളുടെ രക്ഷിതാവ് എന്ന് ഏറ്റുപറഞ്ഞ 35 പേർ ആരാധനാകൂടിവരവിൽ സംബന്ധിക്കുന്നതിനായി... മിഷനറി സഹോ. ബൽജിന്ദർ-സുമൻ ദമ്പതികൾക്ക് ദൈവം ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചതിനായി... 40 ഗ്രാമങ്ങളിൽ നടത്തിയ രാത്രി കൂടിവരവുകളിലൂടെ പുതിയ ബന്ധങ്ങൾ ലഭിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** പൂർണ്ണസമയ ശുശ്രൂഷയ്ക്കായി സമർപ്പിച്ച 20 യുവാക്കളുടെ പരിശീലനത്തിനായി... വിശ്വാസപ്രഖ്യാപന ശുശ്രൂഷയുടെ ഒരുക്ക ക്ലാസ്സുകൾക്കായി... ഗുരുദാസ്പൂർ, ബഥിന്ദ എന്നീ ജില്ലകളിലെ ഉൾഗ്രാമങ്ങളൽ നടക്കുന്ന ഫീൽഡു സർവ്വേയിലൂടെ ശുശ്രൂഷയ്ക്കായി വയലുകൾ തുറക്കേണ്ടതിനായി...5 വയലുകളിൽ നിർമ്മിച്ച ആരാധനായങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കേണ്ടതിനായി...

04. ഉത്തരാഖണ്ട് **ശുശ്രൂഷ നടക്കുന്ന വയലുകൾ: 40**

സ്തോത്രത്തിന്: ദോയിവാല വയലിൽ നടത്തിയ മെഡിക്കൽ ക്യാംപ് 60 പേർക്ക് പ്രയോജനപ്പെട്ടതിനായി... അന്വേഷക കൂടിവരവിലൂടെ മാനസാന്തരത്തിലേക്ക് വന്ന 52 പേർക്കായി... സുവിശേഷ പ്രസംഗത്തിലൂടെ നിത്യജീവനെക്കുറിച്ച് കേട്ട 152 പേർക്കായി... സുവിശേഷം ശ്രവിച്ച സഹോ.മഹേഷ് മദ്യപാനം ഉപേക്ഷിച്ചതിനായി... പ്രതീത് നഗറിലെ ആരാധനാലയം പുതുക്കി പണിയുവാൻ സാധിച്ചു...

**പ്രാർത്ഥനയ്ക്ക്:** 5 വയലുകളിൽ സാമൂഹ്യവികസന പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതിനായി... ശുശ്രൂഷയെ എതിർക്കുന്ന സഹോ.പവൻ സിംഗിന്റെ മാനസാന്തരത്തിനായി,,,വിശ്വാസപ്രഖ്യാപനത്തിനായി ഒരുങ്ങുന്ന 17 പേർക്കായി.... ഖാതിമ പ്രവിശ്യിൽ ശുശ്രൂഷയ്ക്കായി പുതിയ ഗ്രാമങ്ങൾ കണ്ടെത്തേണ്ടതിനായി,,,

**05. ഹരിയാന** **ശുശ്രൂഷ നടക്കുന്ന വയലുകൾ: 20**

**സ്തോത്രത്തിന്:** ദണ്ട് വയലിലെ 8 യുവാക്കൾ തങ്ങളുടെ ജീവിതം കർത്താവിനായി സമർപ്പിച്ചു... ദൈവം തങ്ങൾക്ക് നൽകിയ സൗഖ്യംഅർജ്ജുനും ആഷയും മറ്റുള്ളവരുമായി പങ്കിടുന്നു.... ഷേർഗഡ് വയലിലെ 8 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി...അമ്പാല, പൽവാൽഎന്നീ മേഖലകളിൽ ശുശ്രൂഷയ്ക്കായി വാതിൽ തുറന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** 4 ഇടങ്ങളിൽ ദെബോര ക്യാംപ് നടത്തുവാൻ എടുക്കുന്ന പ്രയ്തനങ്ങൾക്കായി.... ജനാചോളി വയലിൽ നടത്തിയ മെഡിക്കൽ ക്യാംപിന്റെ അനുധാവന പ്രവർത്തനങ്ങൾക്കായി... ഭോര്യഖേര വയലിൽ വിതറിയ ദൈവവചനം യുവാക്കളുടെ ഹൃദയങ്ങളിൽ ക്രിയ ചെയ്യേണ്ടതിനായി... കൈതാൽ, കുരുക്ഷേത്ര ജില്ലകളിൽ നിന്നും പുതിയ മിഷനറിമാർ എഴുന്നേല്ക്കേണ്ടതിനായി...

**06. രാജസ്ഥാൻ – ബൻസ്വാര** **ശുശ്രൂഷ നടക്കുന്ന വയലുകൾ: 42**

**സ്തോത്രത്തിന്:** ജോഗ്ദിമാൽ വയലിലെ സഹോ.ജയന്തി ലാലിന്റെ കുടുംബം കർത്താവിന്റെ വേലയ്ക്കായി സമർപ്പിച്ചതിനായി...ഖോരപാഡ വയലിലെ സഹോ. മാംഗിലാലിനെ പക്ഷാഘാതത്തിൽ നിന്നും ദൈവം വിടുവിച്ചതിനായി... യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച 7 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി... കികാപാഡ, പഡോലി എന്നീ ഗ്രാമങ്ങളിലെ ശുശ്രൂഷയ്ക്ക് പുതിയ ബന്ധങ്ങൾ ലഭിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** ബാഗിദോര താലൂക്കിൽ നിന്നും പൂർണ്ണസമയ പ്രവർത്തകരെ ദൈവം എഴുന്നേല്പ്പിക്കേണ്ടതിനായി... കഴിഞ്ഞ 5 വർഷമായി തലമുറയ്ക്കായി പ്രാർത്ഥിക്കുന്ന മനോജ്-സുനിത ദമ്പതികൾക്കായി... മോതിയ ഗ്രാമത്തിലെ

മദ്യത്തിന് അടിമകളായിരിക്കുന്ന ആളുകളുടെ വിടുതലിനായി... ഒരു റോഡപകട ത്തിൽ കാലിനു പരുക്കു പറ്റിയ ലാദ്ജി ദാമോറിന്റെ പൂർണ്ണവിടുതലിനായി...

**07. രാജസ്ഥാൻ - ഉദയ്പൂർ പ്രവിശ്യ ശുശ്രൂഷ നടക്കുന്ന വയലുകൾ: 36**

**സ്തോത്രത്തിന്:** വിശ്വാസം ഏറ്റുപറഞ്ഞ 7 പേർ ആരാധനാകൂടിവരവിൽ സംബ ന്ധിക്കുന്നു... സഹോ.പ്രഭുലാലിനെയും കുടുംബത്തെയും ദൈവം ഒരു പൈത ലിനെ നൽകി അനുഗ്രഹിച്ചതിനായി... അന്വേഷക കൂടിവരവിലൂടെ യേശുവിനെ ക്കുറിച്ച് ശ്രവിച്ച 25 പേർ വേദപഠനക്കൂടിവരവിൽ സംബന്ധിക്കുന്നതിനായി... ദേവി ലാൽ, രാജുഡി എന്നീ സഹോദരങ്ങളുടെ കുടുംബങ്ങളെ ദൈവം പൈശാചിക ശക്തിയിൽ നിന്നും വിടുവിച്ചതിനായി....

**പ്രാർത്ഥനയ്ക്ക്:** കോത്ര, പനാർവ എന്നീ ഗ്രാമങ്ങളിൽ ആരാധന കൂടിവരവ് ആരംഭിക്കേണ്ടതിനായി.... അമ്പാദ്ര ഗ്രാമത്തിലെ ആളുകളുടെ ഹൃദയത്തിൽ ദൈ വവചനം ക്രിയ ചെയ്യേണ്ടതിനായി.... 9 വർഷമായി ഒരു പൈതലിനായി കാത്തിരി ക്കുന്ന സഹോദരി ലീലയുടെ കുടുംബത്തിനായി.... ഡകദ് വയലിലെ വിശ്വാസികളി ലൂടെ അയൽ ഗ്രാമങ്ങൾ യേശുവിനെ അറിയേണ്ടതിനായി....

**08. ഉത്തർപ്രദേശ് -ഭോജ്പുരി പ്രവിശ്യ ശുശ്രൂഷ നടക്കുന്ന വയലുകൾ: 96**

**സ്തോത്രത്തിന്:** ഫീൽഡു സർവ്വേയിലൂടെ തെരഞ്ഞെടുത്ത 45 ഗ്രാമങ്ങളിൽ ശുശ്രൂഷ ആരംഭിക്കുവാനിടയായതിനായി.... ചന്ദൗലി ജില്ലയിലെ 5 ഗ്രാമങ്ങളിൽ വേദപഠന കൂടിവരവുകൾ ആരംഭിക്കുവാനിടയായി... പുതിയ വിശ്വാസിയായ സഹോ.സന്ദീപ് കുമാറിന്റെ ഭവനം ഒരു ആരാധനാകേന്ദ്രമായി മാറി... മുഷാനി, രാജാപുർ മേഖലകളിൽ ശുശ്രൂഷയ്ക്കായി അവസരങ്ങൾ തന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** ആരാധനാ കൂടിവരവുകളിൽ പുതിയതായി സംബന്ധിക്കുന്ന 45 കുടുംബങ്ങൾ വിശ്വാസത്തിൽ വളരേണ്ടതിനായി... 156 ഗ്രാമങ്ങളിൽ നടന്ന അ ന്വേഷക കൂടിവരവുകളുടെ അനുധാവന പ്രവർത്തനങ്ങൾക്കായി... 23 ഗ്രാമങ്ങ ളിൽ സാമൂഹ്യ ക്ഷേമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ശ്രമങ്ങൾക്കാ യി... ക്ഷയരോഗത്താൽ ഭാരപ്പെടുന്ന സഹോ.മോഹൻ ഗുപ്തയ്ക്കായി...

**09. ബീഹാർ ശുശ്രൂഷ നടക്കുന്ന വയലുകൾ: 35**

**സ്തോത്രത്തിന്:** 208 ഗ്രാമങ്ങളിൽ അന്വേഷക കൂടിവരവ് നടത്തുവാനിയായി.... ദൈവവചനം ശ്രവിച്ച് 2288 ആളുകളിൽ 205 പേർ കർത്താവിനായി തങ്ങളുടെ ഹൃദയം തുറന്നതിനായി.... രൂപാസ്പൂർ വയലിൽ നടക്കുന്ന കുട്ടികളുടെ ഇട യിലെ ശുശ്രൂഷ 150 കുട്ടികൾക്ക് പ്രയോജനപ്പെടുന്നതിനായി.... 10 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി...ബുക്സാർ, സരൺ എന്നീ മേഖലകളിൽ ശുശ്രൂഷയ്ക്കായി 50 ഗ്രാമങ്ങൾ തെരഞ്ഞെടുത്തതിനായി....

**പ്രാർത്ഥനയ്ക്ക്:** വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ 80 കുട്ടികൾക്ക് ഉപരിപഠനത്തിനായി ദൈവം വാതിൽ തുറക്കേണ്ടതിനായി...4 ഗ്രാമങ്ങളിൽ ആരാ ധനാലയം നിർമ്മിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ അനവാദം ലഭിക്കേണ്ടതിനാ യി... 175 ആരാധനാ കൂടിവരവുകളിൽ നടത്തിയ വിശ്വാസോത്സവത്തിലൂടെ വിശ്വാസികൾ ആത്മീയമായി വളരേണ്ടതിനായി...പൂർണ്ണസമയ ശുശ്രൂഷയ്ക്കായി അപേക്ഷിച്ചിരിക്കുന്ന 20 യുവാക്കൾക്കായി...

**10. ജാർഖണ്ട് ശുശ്രൂഷ നടക്കുന്ന വയലുകൾ: 60**

**സ്തോത്രത്തിന്:** ബുഡു വയലിലെ 19 പേർ ദൈവവചനം ശ്രവിക്കുന്നതിന് താല്പര്യം കാണിക്കുന്നതിനായി... കജുർദാഗ്, കത്വ എന്നീ വയലുകളിൽ വിശ്വാസി കളുടെ എണ്ണം വർദ്ധിക്കുന്നതിനായി... 22 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി... നമ്മുടെ വയലുകളിലെ വിശ്വാസികളുടെ 4 വിവാഹ ശുശ്രൂഷകൾ നടത്തുവാനിട യായി... വിശ്വവാണിയിലൂടെ നടക്കുന്ന വയലുകളിലെ സാമൂഹ്യപ്രവർത്തന

ങ്ങൾക്കായി...

**പ്രാർത്ഥനയ്ക്ക്:** ഹരാടോളി, ദുമാരിയ എന്നീ ഗ്രാമങ്ങളിലെ സുവിശേഷം ശ്രവിച്ചവരുടെ മാനസാന്തരത്തിനായി... ബനാരി വയലിലെ ശുശ്രൂഷയെ എതിർക്കുന്ന 5 കുടുംബങ്ങൾക്കായി... നവാടോളിയിൽ നടന്ന കുഡുഖ് വിഭാഗക്കാരുടെ കൺവെൻഷന്റെ അനുധാവന പ്രവർത്തനങ്ങൾക്കായി... 100 മിഷനറിമാരിലൂടെ 500 ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കേണ്ടതിനായി....

**11. വെസ്റ്റ്ബംഗാൾ – കുച്ച്ബഹാർ ശുശ്രൂഷ നടക്കുന്ന വയലുകൾ: 6**

**സ്തോത്രത്തിന്:** 5 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി...സാൽധുര ഗ്രാമത്തിൽ നടത്തിയ അന്വേഷക കൂടിവരവ് 16 പേർക്ക് പ്രയോജനപ്പെട്ടതിനായി... പൈശാചിക ശക്തിയുടെ ബന്ധനത്തിൽ നിന്നും സഹോ.ഹീരാമുനിയുടെ വിടുതലിനായി...പ്രാർത്ഥനയുടെ ഫലമായി സഹോ.ബിഹാം മഹ്ലി യേശുവിന്റെ നാമത്തിൽ നടക്കാൻ തുടങ്ങിയതിനായി...

**പ്രാർത്ഥനയ്ക്ക്:** ശരീരം മുഴുവനും പൊള്ളിയ സഹോ.മംഗൽച്ചന്റെ സൗഖ്യത്തിനായി... ഉത്തർധൽകോർ വയലിൽ ഒരു ആരാധനാലയം നിർമ്മിക്കുന്നതിന് ദൈവീക മാർഗ്ഗദർശനം ലഭിക്കുന്നതിനായി...ശുശ്രൂഷയ്ക്കും വിശ്വാസികൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഹരിനാഥിന്റെ രൂപാന്തരത്തിനായി... പ്രേമർദംഗ ഗ്രാമത്തിലെ ദൈവവചനം ശ്രവിച്ച 15 പേരുടെ മാനസാന്തരത്തിനായി...

**12. വെസ്റ്റ്ബംഗാൾ-ഡാർജലിംഗ് ശുശ്രൂഷ നടക്കുന്ന വയലുകൾ: 20**

**സ്തോത്രത്തിന്:** പുതിയ വിശ്വസിയായ സഹോ.ബിശാൽ ഒറോമിലൂടെ തേയില തോട്ടങ്ങളിലെ തൊഴിലാളികളുടെ ഇടയിൽ ദൈവവചനം പങ്കുവെയ്ക്കാനിടയായി... അന്വേഷ കൂടിവരവിൽ സംബന്ധിച്ച 6 പേർ പാപം ഏറ്റുപറയുകയും ഇപ്പോൾ ആരാധനാ കൂടിവരവിൽ സംബന്ധിക്കുകയും ചെയ്യുന്നു... പരസ്യയോഗങ്ങളിലൂടെ 28 പേർ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചതിനായി... ഫാക്ടറി ലൈനിൽ ക്രമീകരിച്ച മെഡിക്കൽ ക്യാംപ് 35 പേർക്ക് പ്രയോജനപ്പെടുവാനിടയായി...

**പ്രാർത്ഥനയ്ക്ക്:** വിസ്തി ജോതി ഗ്രാമത്തിൽ സുവിശേഷം ഘോഷിക്കുന്നതിനും ഗ്രാമീണർ മാനസാന്തരപ്പെടേണ്ടതിനുമായി...ബൈരാഗി, പേത്കി പ്രവിശ്യകളിൽ നിന്നും പൂർണ്ണസമയ ശുശ്രൂഷയ്ക്കായി യുവാക്കൾ എഴുന്നേൽക്കേണ്ടതിനായി... ഹിമുൽധയറി ഗ്രാമത്തിലെ വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കായി... വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്ന ഘോഷ്പുകുർ വയലിലെ ആരാധനാലയത്തിന്റെ വിപുലീകരണത്തിനായി...

**13. വെസ്റ്റ്ബംഗാൾ – ഏതെൽബരി ശുശ്രൂഷ നടക്കുന്ന വയലുകൾ: 30**

**സ്തോത്രത്തിന്:** 7 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി... നന്ദലെയിൻ വയലിൽ നടത്തിയ ദെബോര ക്യാംപ് 200 സ്ത്രീകൾക്ക് പ്രയോജനപ്പെട്ടതിനായി... ഏതെൽബരിയിൽ നടക്കുന്ന വേദപഠന കൂടിവരവിൽ സംബന്ധിക്കുന്ന ആളുകളുടെ എണ്ണം 36 ആയി വർദ്ധിച്ചു... തനിക്ക് ദൈവം നൽകിയ സൗഖ്യം മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നു...

**പ്രാർത്ഥനയ്ക്ക്:** ജോയ്ബീർപാഡ, ഹൊരിനാഥ്പൂർ എന്നീ ഗ്രാമങ്ങളിൽ ശുശ്രൂഷയ്ക്ക് അവസരങ്ങൾ ലഭിക്കേണ്ടതിനായി... സുവിശേഷ തല്പരരായ ആളുകളുള്ള 15 ഗ്രാമങ്ങളിലേക്ക് മിഷനറിമാരെ അയയ്ക്കേണ്ടതിനായി... മാനസീക രോഗത്താൽ ഭാരപ്പെടുന്ന സഹോദരി ഷീല ഒറാവോണിനായി... 4 വയലുകളിൽ ആരാധനാലയം നിർമ്മിക്കുന്നതിന് അനുമതി ലഭിക്കേണ്ടതിനായി...

**14. വെസ്റ്റ്ബംഗാൾ – കൊൽക്കൊത്ത ശുശ്രൂഷ നടക്കുന്ന വയലുകൾ: 34**

**സ്തോത്രത്തിന്:** നമ്മുടെ മിഷനറി സഹോ.ശ്യാമൾ ടുഡുവിന്റെ മകൾ ശലോ

മിയെ വിഷപാമ്പ് (മൂർഖൻ) കടിച്ചു; അതിൽ നിന്നും ദൈവം ആ പൈതലിനെ രക്ഷിച്ചതിനായി... റൈന വയലിൽ നടത്തിയ വി.ബി.എസ് 54 കുട്ടികൾക്ക് പ്രയോജനപ്പെട്ടതിനായി...8 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി... തളർവാതത്തിൽ നിന്നും സഹോ.കൻചാനിയെ ദൈവം സൗഖ്യമാക്കിയതിനായി....

**പ്രാർത്ഥനയ്ക്ക്:** അന്വേഷക കൂടിവരവ് നടത്തിയ 57 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനങ്ങൾ നടത്തേണ്ടതിനായി... 6 ജില്ലകളിലെ 23 വയലുകളിൽ നടത്തിയ വി.ബി.എസിൽ പങ്കെടുത്ത കുട്ടികളെ ദൈവം അനുഗ്രഹിക്കേണ്ടതിനായി... കഴിഞ്ഞ 10 വർഷമായി തലമുറയ്ക്കായി കാത്തിരിക്കുന്ന സുകുമാർ - പ്രതിമ ദമ്പതികൾക്കായി... ഖരിബാരി മേഖലയിൽ പങ്കുവെച്ച ദൈവവചനത്തിലൂടെ അനേകർ വിശ്വാസത്തിലേക്ക് വരേണ്ടതിനായി...

**15. സിക്കീം** **ശുശ്രൂഷ നടക്കുന്ന വയലുകൾ: 19**

**സ്തോത്രത്തിന്:** 5 ഗ്രാമങ്ങളിൽ പുതിയതായി വേദപഠന കൂടിവരവ് ആരംഭിക്കുവാനിടയായി... കമ്പോൾ, തുമിൻ എന്നീ വയലുകളിൽ അധിവസിക്കുന്ന ലെപ്ച വിഭാഗക്കാരുടെ സുവിശേഷ താല്പര്യത്തിനായി...ജോരേഥംഗ് വയലിൽ ആത്മാക്കളുടെ കൊയ്ത്തിനായി നടത്തുന്ന പരിശീലനത്തിൽ 19 യുവാക്കൾ സംബന്ധിക്കുന്നതിനായി.... ദൈവവചനം ശ്രവിച്ച 277 പേരിൽ 33 പേർ ക്രിസ്തുവിൽ വിശ്വസിക്കുകയും വിശ്വാസം ഏറ്റുപറയുകയും ചെയ്തതിനായി...

**പ്രാർത്ഥനയ്ക്ക്:** പുതയി വിശ്വാസി സഹോ.സഞ്ജെ ലെപ്ചയുടെ കുടുംബത്തിലൂടെ അനേകർ വിശ്വാസത്തിലേക്ക് വരേണ്ടതിനായി... ആരാധനാ കൂടിവരവിൽ പുതിയതായി സംബന്ധിക്കുന്ന 5 കുടുംബങ്ങൾ ആത്മീകമായി ശക്തിപ്പെടേണ്ടതിനായി... ഗർഭാശയ മുഴ നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രിയയ്ക്ക് വിധേയയാകുന്ന മിഷനറി സഹോ.നബിൻ ദർജിയുടെ സഹധർമ്മിണി പ്രഷെല്ലയ്ക്കായി...നീച്ച്ഗാവോൻ. സിമാന എന്നീ ഗ്രാമങ്ങളിൽ വിതറിയ ദൈവവചനം ഫലപ്രദമാകേണ്ടതിനായി...

**16. ആസ്സാം:** **ശുശ്രൂഷ നടക്കുന്ന വയലുകൾ: 55**

**സ്തോത്രത്തിന്:** വിശ്വാസം ഏറ്റുപറഞ്ഞ 7 പേർക്കായി... ലൊപോംഗ്ടോള വയലിൽ ആരാധനാലയ നിർമ്മാണം ആരംഭിക്കുവാൻ ഇടയായി... പുതിയ വിശ്വാസിയായ സഹോ.സോറെൻ സോക്കറിന്റെ ഭവനത്തിൽ നടത്തിയ പ്രാർത്ഥനാ കൂടിവരവുകൾ രാജ്പൂർ ഗ്രാമത്തിലെ ആളുകളുടെ ആത്മീയ വളർച്ചയെ സഹായിക്കുന്നതിനായി... ഭൗരഗുഡി ഗ്രാമത്തിലെ 16 പേർ ആദ്യമായി സുവിശേഷം ശ്രവിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** ജോലിക്കൊന്നും പോകാതെ ലഹരിക്ക് അടിമകളായിരിക്കുന്ന ഓക്സിഗുഡി ഗ്രാമത്തിലെ ആളുകൾക്കായി.... ക്രിസ്തുവിലുള്ള വിശ്വാസം മൂലം എതിർപ്പുകൾ അഭമുഖീകരിക്കുന്ന സോഹർപൂർ ഗ്രാമത്തിലെ 5 കുടുംബങ്ങൾക്കായി.... തകാർചക് വയലിൽ ആരാധനാലയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതിനായി.... ദോൽഗുഡി വയലിലെ ആരാധനാ കൂടിവരവ് തടസ്സപ്പെടുത്തുന്ന സഹോ.മോജിതിന്റെ മാനസാന്തരത്തിനായി...

**17. മണിപ്പൂർ** **ശുശ്രൂഷ നടക്കുന്ന വയലുകൾ: 67**

**സ്തോത്രത്തിന്:** സാമരം വയലിലെ സഹോ.സുന്നയുടെ ഭവനം വേദപഠന കൂടിവരവിനായി തുറന്നുതന്നതിനായി... ലാംജൗ ഗ്രാമത്തിലെ ശുശ്രൂഷയെ എതിർത്തിരുന്ന 5 കുടുംബങ്ങൾ ദൈവത്തിന്റെ സ്നേഹം രുചിച്ചറിഞ്ഞതിനായി... 105 ഇടങ്ങളിൽ അന്വേഷക കൂടിവരവുകൾ നടത്തുന്നതിനും 525 പേർക്ക് സുവിശേഷം ശ്രവിക്കുന്നതിനുള്ള അവസരം ലഭിക്കുന്നതിനും ഇടയായി... 2 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി...

**പ്രാർത്ഥനയ്ക്ക്:** പുതിയതായി ആരാധനാ കൂടിവരവിൽ സംബന്ധിക്കുന്ന 35 പേരുടെ ആത്മീക വളർച്ചയ്ക്കായി... കലാപത്തിൽ ഭവനങ്ങളും പ്രിയപ്പെട്ടവരെയും നഷ്ടപ്പെട്ടവർക്കായി... കലാപത്തിൽ നശിപ്പിക്കപ്പെട്ട വിശ്വവാണിയുടെ 6 ആരാധനാലയങ്ങൾ പുതുക്കിപ്പണിയേണ്ടതിനായി... സുവിശേഷ തല്പരരായ വാംഗ്ബാൽ, ഹീരോക് വിഭാഗക്കാരുടെ ആത്മീയ വളർച്ചയ്ക്കായി... തേക്ചംമയെ ഗ്രാമത്തിലെ ആളുകളുടെ ഐക്യത്തിനായി...

**18. ത്രിപുര ശുശ്രൂഷ നടക്കുന്ന വയലുകൾ: 102**

**സ്തോത്രത്തിന്:** ഗുൽമരൈപാഡ ഗ്രാമത്തിലെ ആരാധനാകൂടിവരവിൽ 3 പുതിയ കുടുംപ്രാർത്ഥനയുടെ ഫലമായി ലഭിച്ച സൗഖ്യത്തിനായി.... ബ്രിച്ചൻകാമി ഗ്രാമത്തിലെ ശുശ്രൂഷയ്ക്ക് സഹോ.ബജ്രമാണിയുടെ കുടുംബത്തെ ദൈവം നൽകിയതിനായി...38 പേർ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനായി...

**പ്രാർത്ഥനയ്ക്ക്:** ആരാധനാലയം സമർപ്പിച്ച 4 വയലുകളിൽ സാമൂഹ്യവികസന പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതിനായി... ദൊബോയികോബ്ര ഗ്രാമത്തിലെ മദ്യത്തിന് അടിമകളായിരിക്കുന്ന യുവാക്കളുടെ രൂപാന്തരത്തിനായി... ഉദൈപൂർ ശുശ്രൂഷാ കേന്ദ്രത്തിൽ ക്രമീകരിച്ചിരിക്കുന്ന വിശ്വാസപ്രഖ്യാപന ശുശ്രൂഷയുടെ ഒരുക്ക ക്ലാസ്സുകൾക്കായി.... ദുൽകൈ,സ നമൻജോയി എന്നീ ഗ്രാമങ്ങളിലെ സുവിശേഷം ആദ്യമായി ശ്രവിച്ച വ്യക്തികളുടെ രൂപാന്തരത്തിനായി...

**19. ഒഡീഷ -ഗഞ്ജം ജില്ല ശുശ്രൂഷ നടക്കുന്ന വയലുകൾ: 58**

**സ്തോത്രത്തിന്:** ഘനസാഗർ ഗ്രാമത്തിലെ സഹോ.മനു ഗമാംഗോയും കുടുംബവും സ്വമേധ സുവിശേഷം ഘോഷിക്കുന്നതിനായി... വിശ്വാസം ഏറ്റുപറഞ്ഞ 14 പേർ ദെബാഗിരി ഗ്രാമത്തിലെ ആരാധനാ കൂടിവരവിൽ സംബന്ധിക്കുന്നതിനായി... ഈ മേഖലയിൽ നടത്തിയ വി.ബി.എസ്സിലൂടെ പുതിയ ബന്ധങ്ങൾ ലഭിച്ചതിനായി... സുവിശേഷ ലഘുലേഖകൾ വായിച്ചതിനുശേഷം അബേദ ഗ്രാമത്തിലെ ആളുകളുടെ ഇടയിൽ ശുശ്രൂഷയ്ക്കായി അവസരം ലഭിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** ബിരാസാഹി വയലിൽ കുടിവെള്ളം ലഭിക്കേണ്ടതിനായി... ക്യാൻസർ രോഗത്താൽ ഭാരപ്പെടുന്ന സേംഗു ഗ്രാമത്തിലെ പാർബതി സബറിൻ സൗഖ്യത്തിനായി... രാജാപൂർ വയലിലെ ആരാധനാലയത്തിന്റെ പൂർത്തീകരണത്തിനായി... മാതാവിന്റെ വേർപാടിൽ ദുഃഖത്തിലായിരിക്കുന്ന മിഷനറി സഹോ.സിഫന്യാ ഭുയാന്റെ കുടുംബത്തിനായി...

**20. ഒഡീഷ – ഹൊ, സന്താലി പ്രവിശ്യ ശുശ്രൂഷ നടക്കുന്ന വയലുകൾ: 58**

**സ്തോത്രത്തിന്:** കൊൽഹാബേദ, ഗോബർഘട്ടി എന്നീ ഗ്രാമങ്ങളിൽ ശുശ്രൂഷയ്ക്കായി വാതിൽ തുറന്നതിനായി... പുതിയ ആരാധനാലയം ലഭിച്ച ബൈദാബജാ ഗ്രാമത്തിലെ വിശ്വാസികൾ സുവിശേഷ ഘോഷണത്തിനായി താല്പര്യം കാണിക്കുന്നതിനായി... നാലാബില്ല ഗ്രാമത്തിലെ ശുശ്രൂഷയെ എതിർത്തിരുന്ന ആളുകൾ മാനസാന്തരപ്പെട്ടതിനായി... 15 പേർ യേശുക്രിസ്തു രക്ഷിതാവ് എന്ന് ഏറ്റുപറഞ്ഞതിനായി...

**പ്രാർത്ഥനയ്ക്ക്:** പൂർണ്ണസമയ ശുശ്രൂഷയ്ക്കായി 45 യുവാക്കൾ മുന്നോട്ടു വന്നതിനായി... 8 വയലുകളിൽ നടക്കുന്ന ആരാധനാലയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി... ശ്രീചന്ദൻപൂർ, നാതിയ എന്നീ ഗ്രാമങ്ങളിലെ ദൈവവചനം ശ്രവിച്ചവരുടെ രൂപാന്തരത്തിനായി...

**21. ഒഡീഷ – സമ്പാൽപുരി പ്രവിശ്യ ശുശ്രൂഷ നടക്കുന്ന വയലുകൾ: 30**

**സ്തോത്രത്തിന്:** ബാർപാലി മേഖലയിലെ 5 പുതിയ ഗ്രാമങ്ങളിൽ ശുശ്രൂഷ ആരംഭിക്കുവാനിടയായി... സമ്പാൽപുരി വിഭാഗക്കാരുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്നതിന് 20 യുവാക്കൾ മുന്നോട്ടു വന്നതിനായി... പരമൻപൂർ ഗ്രാമത്തിലെ വിശ്വാ

സികൾ അവരുടെ സ്ഥലം ആരാധനാലയ നിർമ്മാണത്തിനായി നൽകിയതിനായി... വിശ്വാസം ഏറ്റുപറഞ്ഞ 8 പേർക്കായി...

**പ്രാർത്ഥനയ്ക്ക്:** വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്ന തുകുര വയലിൽ ആരാധനാലയത്തിനാവശ്യമായ സ്ഥലം ലഭിക്കേണ്ടതിനായി....കഷ്ടതകൾ നേരിടുന്ന ഗുദ്പാഡ ഗ്രാമത്തിലെ വിശ്വാസികൾക്കായി... സലേദി, രംഗാലി ക്യാംപ് എന്നീ വയൽ സഭകൾക്ക് സൗണ്ട് സിസ്റ്റം ലഭിക്കേണ്ടതിനായി... ഈ മേഖലയിൽ ശുശ്രൂഷ ചെയ്യുന്ന 5 മിഷനറിമാർക്ക് സൈക്കിൾ ലഭിക്കേണ്ടതിനായി...

**22. ഛത്തീസ്ഗഡ്-ചമ്പ പ്രവിശ്യ ശുശ്രൂഷ നടക്കുന്ന വയലുകൾ: 51**

**സ്തോത്രത്തിന്:** സുവിശേഷം ശ്രവിച്ച സഹോ.രാകേഷ് മദ്യപാനം ഉപേക്ഷിച്ചതിനായി... മാനസീക രോഗിയായിരുന്ന യുവാവായ മോഹൻ രാത്രേയ്ക്ക് ലഭിച്ച സൗഖ്യത്തിനായി...ദാംഗ്ബുഡ വയലിൽ നടത്തിയ കുഡുക് വിഭാഗക്കാരുടെ കൺവെൻഷനെ തുടർന്ന് ലഭിച്ച പുതിയ ബന്ധങ്ങൾക്കായി.... 23 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി...

**പ്രാർത്ഥനയ്ക്ക്:** പൈശാചിക ശക്തിയിൽ നിന്നും സഹോദരി മാധവിയെ ദൈവം വിടുവിച്ചതിനായി... തിലൈ വയലിൽ നടത്തിയ യൂത്ത്ക്യാംപിന്റെ അനുധാവന പ്രവർത്തനങ്ങൾക്കായി... ഭൈസ്മ ഗ്രാമത്തിലെ ലഹരിക്ക് അടിമകളായിരിക്കുന്ന കുടുംബങ്ങൾക്കായി...ചോർഭത്ഥി, മുദ്പുർ എന്നീ വയലുകളിൽ ആരാധനാ കൂടിവരവുകൾ ആരംഭിക്കേണ്ടതിനായി...

**23. ഛത്തീസ്ഗഡ് - റായ്പൂർ പ്രവിശ്യ ശുശ്രൂഷ നടക്കുന്ന വയലുകൾ: 22**

**സ്തോത്രത്തിന്:** സുവിശേഷം ശ്രവിച്ച ചെറുപ്പക്കാരനായ ദിനേശ് മദ്യപാനം ഉപേക്ഷിച്ചതിനായി... സർസിവ ഗ്രാമത്തിൽ നടത്തിയ പരസ്യയോഗം 90 പേർക്ക് പ്രയോജനപ്പെട്ടതിനായി... വിശ്വാസം ഏറ്റുപറഞ്ഞ 5 പേർക്കായി... തിലക്, പ്രമീള എന്നീ സഹോദരങ്ങൾ വിശ്വാസത്തിൽ വന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** ലഹരിയിൽ നിന്നും സഹോ.വിജയ് വിശ്വകർമ്മയെ ദൈവം വിടുവിക്കേണ്ടതിനായി...ഗുല്ലു വയലിൽ ആരാധനാലയം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭിക്കുന്നതിന്... 30 വയസ്സുള്ള തന്റെ മകന്റെ വേർപാടിൽ ദുഃഖിക്കുന്ന സഹോ.കോമൾ സാഹുവിന്റെ കുടുംബത്തിന്റെ ആശ്വാസത്തിനായി... റായ്പൂർ പ്രവിശ്യയിലുള്ള 871 വേദ

**24. മധ്യപ്രദേശ് ശുശ്രൂഷ നടക്കുന്ന വയലുകൾ: 54**

**സ്തോത്രത്തിന്:** ബിനാ ബസ്തി ഗ്രാമത്തിലെ ആരാധനാ കൂടിവരവിൽ 3 പുതിയ കുടുംബങ്ങൾക്കായി... പൈശാചിക ശക്തിയിൽ നിന്നും വിടുതൽ പ്രാപിച്ച സഹോ.സന്തോഷ് യേശുവിനെ സാക്ഷിക്കുന്നു... ശുശ്രൂഷയെ ഒരിക്കൽ എതിർത്തിരുന്ന സഹോ.ദിനേശ് രക്ഷിക്കപ്പെട്ടതിനുശേഷം ശുശ്രൂഷയെ കൈത്താങ്ങുന്നു... പ്രാർത്ഥനയുടെ ഫലമായി 5 വർഷത്തിനുശേഷം നിധിയുടെ കുടുംബ ജീവിതത്തിൽ ദൈവം ഒരു പൈതലിനെ നൽകിയതിനായി...

**പ്രാർത്ഥനയ്ക്ക്:** ലഹരിക്ക് അടിമയായിരിക്കുന്ന സഹോ.ഗണേഷിന്റെ വിടുതലിനായി... ആലി ഗ്രാമത്തിലെ ദൈവവചനം ശ്രവിച്ച വ്യക്തികളുടെ രൂപാന്തരത്തിനായി... ശുശ്രൂഷയെ എതിർക്കുന്ന സഹോ.മോഹനന്റെ രൂപാന്തരത്തിനായി... ഭോപാൽ മേഖലയിൽ പൂർണ്ണസമയ ശുശ്രൂഷയ്ക്കായി 20 യുവാക്കൾ മുന്നോട്ടു വന്നതിനായി...

**25. ഗുജറാത്ത് - അഹമ്മദ്ബാദ് പ്രവിശ്യ ശുശ്രൂഷ നടക്കുന്ന വയലുകൾ: 47**

**സ്തോത്രത്തിന്:** ദാഹോദ് ജില്ലയിലെ പൂർണ്ണസമയ ശുശ്രൂഷയ്ക്കായി 12 യുവാക്കൾ മുന്നോട്ടു വന്നതിനായി... ഖാരിബേദി വയലിൽ നടത്തിയ യൂത്ത് ക്യാംപിൽ 150 യുവാക്കൾ സംബന്ധിച്ചതിനായി... ഭിലി വിഭാഗക്കാർ അധിവസിക്കുന്ന 3 വയ

ലുകളിൽ ദൈവം ആത്മാക്കളെ നൽകുന്നതിനായി.... 3 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി...

**പ്രാർത്ഥനയ്ക്ക്:** ഖർവാനി, ചുഗാസ്, വഘേല എന്നീ വയലുകളിൽ നിർമ്മാണത്തിലായിരിക്കുന്ന ആരാധനാലയങ്ങളുടെ പൂർത്തീകരണത്തിനായി... വയൽ സഭയുടെ 10-ാം വാർഷികം കൊണ്ടാടുന്ന ഭിംകോര വയലിലെ വിശ്വാസികൾ അയൽ ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുന്നതിന് പങ്കാളികളാകേണ്ടതിനായി... ഫീൽ ഡു സർവ്വേയിലൂടെ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്ന 30 ഗ്രാമങ്ങളിൽ അയയ്ക്കുന്നതിന് പുതിയ മിഷനറിമാരെ ലഭിക്കേണ്ടതിനായി... സബർകാ ന്ത മേഖലയിൽ എതിർപ്പുകൾ നേരിടുന്ന മിഷനറിമാർക്ക് ദൈവീക സംരക്ഷണം ലഭിക്കേണ്ടതിനായി...

**26. ഗുജറാത്ത് - സോംഗദ്** **ശുശ്രൂഷ നടക്കുന്ന വയലുകൾ: 143**

**സ്തോത്രത്തിന്:** മോസ്കുറ്റ് ഗ്രാമത്തിൽ ആരാധനാ കൂടിവരവ് ആരംഭിച്ചതിനായി... വിശ്വാസം ഏറ്റുപറഞ്ഞ 23 പേർക്കായി... ധൻഖേതാർ ഗ്രാമത്തിൽ ദൈവം നൽകിയ സഹോ.രാമൻഭായിയുടെ കുടുംബത്തിനായി... പൈശാചിക ശക്തിയിൽ നിന്നും ശിവഭായിയെയും, ഇതിഷാ ബെന്നിനെയും കുടുംബമായി ദൈവം വിടുവിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** തളർവാത രോഗത്താൽ ഭാരപ്പെടുന്ന പരേഷ് ഭായി, സഞ്ജെ ഭായി എന്നീ സഹോദരങ്ങളുടെ വിടുതലിനായി... 6 വയലുകളിൽ ആരാധനാലയം നിർമ്മിക്കുന്നതിന് ഗവൺമെന്റ് തലത്തിലുള്ള അനുവാദം ലഭിക്കേണ്ടതിനായി... ഫീൽഡു സർവ്വേയിലൂടെ ശുശ്രൂഷയ്ക്കായി തെരഞ്ഞടുത്ത 36 ഗ്രാമങ്ങളിൽ മിഷനറിമാരെ അയയ്ക്കേണ്ടതിനായി...ചിദ്കാ, ദേവാജിഭാലിയ, ഹോലിയാമ്ലി, വാദ്യ എന്നി വലയലുകളിൽ ആരാധനാകൂടിവരവ് ആരംഭിക്കേണ്ടതിന് മിഷനറിമാർ ചെയ്യുന്ന ശ്രമങ്ങൾ ഫലപ്രദമാകേണ്ടതിനായി...

**27. മഹാരാഷ്ട്ര** **ശുശ്രൂഷ നടക്കുന്ന വയലുകൾ: 87**

**സ്തോത്രത്തിന്:** വിശ്വാസികളായ ശിവദാസ്, പ്രത്മാഭായി എന്നിവർ ചേർന്ന് കുഴിച്ച കുഴൽക്കിണറിൽ നിന്നും വെള്ളം ലഭിച്ചതിനായി... ഖാനാപൂർ, കർദ്ഖേദ് എന്നീ ഗ്രാമങ്ങളിലെ 6 പേർ വിശ്വാസം ഏറ്റുപറഞ്ഞതിനായി... സോനേഗാവോൻ ഗ്രാമത്തിലെ ആരാധനാ കൂടിവരവിൽ പുതിയതായി ആളുകൾ സംബന്ധിക്കുന്നു... യുവാക്കളായ മനോറാമിനും ശ്രുതിയ്ക്കും ഉപരിപഠനത്തിനായുള്ള അവസരം ലഭിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** 8 വർഷമായി കൈകാലുകൾ തളർന്ന് കിടപ്പിലായിരിക്കുന്ന സഹോ.മധുകാറിന്റെ സൗഖ്യത്തിനായി... ചികലിപാഡ വയലിൽ ക്രമീകരിച്ചിരിക്കുന്ന വിശ്വാസപ്രഖ്യാപന ശുശ്രൂഷയുടെ ഒരുക്ക ക്ലാസ്സുകൾക്കായി... തന്റെ കുടുംബാംഗങ്ങളിൽ നിന്നും എതിർപ്പുകൾ നേരിടുന്ന പുതിയ വിശ്വാസിയായ സഹോദരി അനസൂയയുടെ വിശ്വാസം വർദ്ധിക്കേണ്ടതിനായി...

**28. തെലങ്കാന-ഹന്മാകോണ്ട പ്രവിശ്യ** **ശുശ്രൂഷ നടക്കുന്ന വയലുകൾ: 29**

**സ്തോത്രത്തിന്:** 3 യുവാക്കൾ യേശുകർത്താവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിക്കുകയും പൂർണ്ണസമയ ശുശ്രൂഷയ്ക്കായി മുന്നോട്ടു വരികയും ചെയ്തതിനായി...നിർമ്മൽ ജില്ലയിലെ പുതിയ 5 ഗ്രാമങ്ങൾ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തതിനായി...ശങ്കരഗിരിഥണ്ട, ആഷാപള്ളി എന്നീ ഗ്രാമങ്ങളിൽ ആരംഭിച്ച വേദപഠനകൂടിവരവിൽ സംബന്ധിക്കുന്ന സുവിശേഷ താല്പര്യത്തിനായി... സായിനഗർ ഗ്രാമത്തിൽ സുവിശേഷ വ്യാപനത്തിന് എതിരായി നിലനിന്നിരുന്ന തടസ്സങ്ങളെ ദൈവം നീക്കിയതിനായി...

**പ്രാർത്ഥനയ്ക്ക്:** തളർന്നു കിടക്കുന്ന മിഷനറി സഹോ.സുദർശനന്റെയും, തല

ച്ചോറിലെ ട്യൂമറിനാൽ ഭാരപ്പെടുന്ന മിഷനറി സഹോ.ബാബുറാവുവിന്റെയും പൂർണ്ണസൗഖ്യത്തിനായി... അലീദാബാദ് ജില്ലയിലെ ശുശ്രൂഷയ്ക്ക് 2 ഇരുചക്രവാഹനങ്ങളും 5 സ്പീക്കറുകളും ആവശ്യമായിരിക്കുന്നു... ഇച്ചോഡ, പുസുഗുഡം എന്നീ വയലുകളിലെ ആത്മാക്കളുടെ കൊയ്ത്തിനായി... വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്ന ഥഡിഹേതനൂർ, ഗുട്ടഗുഡം എന്നീ വയലുകളിൽ ആരാധനാലയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭിക്കുന്നതിന്....

**29. തെലങ്കാന- ഹൈദരബാദ് പ്രവിശ്യ: ശുശ്രൂഷ നടക്കുന്ന വയലുകൾ: 47**

**സ്തോത്രത്തിന്:** നാരായൺപേട്ട് വയലിലെ വിശ്വാസം ഏറ്റുപറഞ്ഞ 4 പേർക്കായി... നഗർകുർനൂൾ ജില്ലയിലെ തെരഞ്ഞെടുത്ത 5 ഗ്രാമങ്ങളിൽ ശുശ്രൂഷ ആരംഭിച്ചതിനായി....ചേന്നാമ്പള്ളി വയലിൽ ആരാധനാലയ നിർമ്മാണം ആരംഭിക്കുവാനിടയായി... പുതിയ വിശ്വാസിയായ സഹോ.രാമാവഥ് തന്റെ സ്ഥലം ആരാധനാലയ നിർമ്മാണത്തിനായി നൽകുന്നതിന് തീരുമാനിച്ചതിനായി...

**പ്രാർത്ഥനയ്ക്ക്:** നർസിയാപള്ളി ഗ്രാമത്തിൽ ആരംഭിച്ച വേദപഠന കൂടിവരവിൽ പുതിയ ആളുകൾ സംബന്ധിക്കുന്നതിനായി... യാദാദ്രിരി ജില്ലയിലെ ശുശ്രൂഷ നടക്കുന്ന വയലുകളിൽ നൽകുന്നതിന് 100 തെലുഗു ബൈബിൾ ആവശ്യമാണ്... മിഷനറി സഹോ.വേളഗനയ്യയുടെ ശുശ്രൂഷ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി... 3 വെബ്സെന്ററുകളിൽ നടന്ന കുട്ടികളുടെ ഇടയിലെ ശുശ്രൂഷയുടെ അനുധാവനപ്രവർത്തനങ്ങൾക്കായി...

**30. ആന്ധ്രാപ്രദേശ്- വടക്കേൻ മേഖല ശുശ്രൂഷ നടക്കുന്ന വയലുകൾ: 389**

**സ്തോത്രത്തിന്:** കൊഡുലഗുമ്മഡ വയലിലെ സഹോദരി ആലേഖ്യ തന്റെ ഭവനം ശുശ്രൂഷയ്ക്കായി തുറന്നതിനായി... പുതിയതായി വിശ്വാസത്തിലേക്ക് വന്ന 46 പേർക്കായി... രണ്ടു കിഡ്നിയും തകരാറിലായ സഹോ.സൈമൺ ആത്മഹത്യയ്ക്ക് ശ്രമിച്ചു; എന്നാൽ സുവിശേഷം അദ്ദേഹത്തെ സ്പർശിച്ചതിനായി... പുതിയ വിശ്വാസികളായ അപ്പാറാവുവും, കൃഷ്ണവേണിയും തങ്ങളുടെ സാക്ഷ്യത്തിലൂടെ അനേകരെ നീതിയിലേക്ക് നയിക്കുന്നു....

**പ്രാർത്ഥനയ്ക്ക്:** ഫീൽഡു സർവ്വേയിലൂടെ കണ്ടെത്തിയ 14 ഗ്രാമങ്ങളിൽ സുവിശേഷവുമായി അയയ്ക്കുന്നതിന് മിഷനറിമാരെ ലഭിക്കേണ്ടതിനായി... വിശ്വാസികൾ ധാരാളമുള്ള 13 വയലുകളിൽ ആരാധനാലയത്തിനാവശ്യമായ സ്ഥലം ലഭിക്കേണ്ടതിനായി... ഹൃദയസംബന്ധമായ രോഗത്തിന് ശസ്ത്രക്രിയയ്ക്കു വിധേയനാകുന്ന മിഷനറി സഹോ.ഗുജ്ജല സുരേഷിന്റെ സൗഖ്യത്തിനായി...ദണ്ടുലക്ഷ്മി പുര, തലവാരം എന്നീ വയലുകളിലെ വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കായി...

**31. കർണ്ണാടക ശുശ്രൂഷ നടക്കുന്ന വയലുകൾ: 45**

**സ്തോത്രത്തിന്:** പാപം ഏറ്റുപറഞ്ഞ് പാപക്ഷമയുടെ ഉറപ്പു ലഭിച്ച 5 പേർക്കായി... രജോള വയലിലെ സഹോ.വിജയകുമാർ മദ്യപാനം ഉപേക്ഷിച്ചു അങ്ങനെ അദ്ദേഹത്തിന്റെ കുടുംബത്തിനു ലഭിച്ച സമാധാനത്തിനായി... പരശുറാം വയലിൽ നടക്കുന്ന ആരാധനാലയ നിർമ്മാണത്തിനായി... ഥ്യാവാനിജെ, ഹനുമന്തവാഡി എന്നീ ഗ്രാമങ്ങളിൽ ശുശ്രൂഷയ്ക്ക് വാതിൽ തുറന്നതിനായി...

**പ്രാർത്ഥനയ്ക്ക്:** ഘതപർഥി ഗ്രാമത്തിലെ ശുശ്രൂഷയെ എതിർക്കുന്ന സഹോ. ഗൗരണ്ണയുടെയും കുടുംബത്തിന്റെയും മാനസാന്തരത്തിനായി... വിശ്വാസത്തിൽ നിന്നും പിന്മാറ്റത്തിലേക്ക് പോയ സഹോ.സിദ്ദണ്ണയുടെ കുടുംബത്തിന്റെ മടങ്ങിവരവിനായി... ഹീരേഹള്ളി ഗ്രാമത്തിൽ ആരാധനാലയ നിർമ്മാണത്തിന് അനുമതി ലഭിക്കേണ്ടതിനായി... ഗോപനഹള്ളി, ജോഗിഹട്ടി എന്നീ വയലുകളിലെ വിശ്വാസികളുടെ ആത്മീക വളർച്ചയ്ക്കായി...

# വാർത്തകൾ

1993 മുതൽ 2023 വരെ ലോകമെമ്പാടുമുള്ള ശരാശരി സമുദ്ര നിരപ്പ് പ്രതിവർഷം 3.4+/ -0.3 മില്ലി മീറ്റർ വർദ്ധിച്ചു. ആഗോളതലത്തിലും പ്രാദേശിക തലത്തിലും ഭാവി പ്രവണതകൾ പ്രവചിക്കുന്നതിനും വിലയിരുത്തുന്നതിനും മികച്ച നിരീക്ഷണ ഉപകരണങ്ങൾ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

1960 മുതൽ 2023 വരെ സമുദ്രത്തിന്റെ മുകളിലെ 2000 മീറ്റർ ഒരു ച.മീറ്ററിന് 0.32+/-0.03 വാട്ട് എന്ന തോതിൽ ചൂടുപിടിച്ചു. ഈ നിരക്ക് ഇനിയും ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ 20 വർഷത്തിനിടയിൽ ഏറ്റവും സമീപകാലത്ത് കണ്ടുവരുന്ന ഈ വേഗതയേറിയ താപനം പഴയ പടിയാക്കാൻ കഴിയാത്ത പരിസ്ഥിതിയിലെ മാറ്റങ്ങൾ പോലെയുള്ള ദീർഘകാല അപകടസാധ്യതകൾക്കൊപ്പം വരുന്നു.

***എല്ലാം സൃഷ്ടികളുടെയും ദൈവമേ, ഭൂമിയെ സംരക്ഷിക്കാൻ വേണ്ടി സമതുലിതമായ കാലാവസ്ഥ നിലനിർത്താൻ ഞങ്ങളെ സഹായിക്കേണമേ.***

ദ്വീപ് രാഷ്ട്രമായ ന്യൂ കാലിഡോണിയയിലും അയൽ ദ്വീപുകളിലും വളരുന്ന ഫോർക്ക ഫേൺ *tmesipteris* ഇനത്തിന് മുൻ റെക്കോർഡ് ഉടമയായ ജപ്പാനീസ് പൂച്ചെടിയായ പാരീസ് ജപ്പോണിയയേക്കാൾ 7% വലുതും മനുഷ്യ ജീനോമിന്റെ 50 മടങ്ങ് വലിപ്പമുള്ള ജീനോമുണ്ടെന്നു പുതിയ ഗവേഷണം കാണിക്കുന്നു.

***കർത്താവേ, അങ്ങയുടെ സൃഷ്ടികൾ വളരെ വിശാലവും ഞങ്ങളുടെ ചിന്തകൾക്ക് അതീതവുമായതിനാൽ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.***

ലോകമെമ്പാടുമുള്ള തൊഴിലില്ലായ്മ നിരക്ക് 2024 ൽ 4.9% ആയി മാറുമെന്ന് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ILO) അടുത്തിടെ പ്രസ്താവിച്ചു. ഇത് മുൻവർഷത്തേക്കാൾ ഒരു ചെറിയ കുറവാണ്. ഇത് 5.2% ആയി ഉയരാൻ ആവശ്യപ്പെടുന്നു. പുനർമൂല്യ നിർണ്ണയത്തിനുശേഷം, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ ലോകമെമ്പാടുമുള്ള ജോലികൾക്ക് അല്പം മെച്ചപ്പെട്ട ഭാവി കാണുന്നു. എന്നിരുന്നാലും നിരക്കുകൾ 2025 വരെ 4.9% ആയി തുടരുമെന്ന് പ്രതീക്ഷിക്കുന്നു.

***ദൈവമേ, ജോലിക്കായി കാത്തിരിക്കുന്നവർക്ക് അനുയോജ്യമായ ജോലി നൽകി സന്തോഷിപ്പിക്കേണമേ.***

## ബാങ്ക് വഴി സംഭാവന നൽകുന്നതിന്...

ശുശ്രൂഷയ്ക്കായുള്ള താങ്കളുടെ നല്ല ദാനം ബാങ്ക് വഴി അയയ്ക്കുന്ന ദൈവമക്കൾ ആ വിവരം ബന്ധപ്പെട്ട പ്രവർത്തകരെയോ സ്റ്റേറ്റ് ഓഫീസിലോ അറിയിച്ചാൽ രസീത് നൽകുന്നതിന് സഹായകമാകും. തുടർന്നും ആത്മഭാരത്തോടെ കർത്താവിന്റെ വേലയിൽ നമുക്ക് പങ്കാളികളാകാം.

**Bank : State Bank Of India**
**A/C No : 34320874789**
**Branch : Thiruvalla**

**A/C Name : Vishwavani**
**IFS code : SBIN0003299**

**കൂടുതൽ വിവരങ്ങൾക്ക്:**

**State Office, Vishwavani**
**Manjadi P.O, Thiruvalla -5**
**0469 2633165, 9447251358**
**www.vishwavani.org**
**vishwavanikerala@gmail.com**